**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4892** **02-07-2024 - ൽ മറുപടിയ്ക്ക്**

**ക്ഷേത്ര ഉപദേശക സമിതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ കടകംപള്ളി സുരേന്ദ്രൻ,<br>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ,<br>ശ്രീമതി ഒ എസ് അംബിക,<br>ശ്രീ എം മുകേഷ്** | | **ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി)** | |
| (എ) | ദേവസ്വം ബോർഡിന്റെ കീഴിലുള്ള ക്ഷേത്രങ്ങളിൽ ഉപദേശക സമിതികൾ രൂപീകരിക്കുവാൻ ബോർഡ് തീരുമാനിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) | തിരുവിതാംകൂർ ദേവസ്വം ബോർഡിനും കൊച്ചിൻ ദേവസ്വം ബോർഡിനും കീഴിലുള്ള ക്ഷേത്രങ്ങളിൽ ഉപദേശക സമിതികൾ പ്രവർത്തിക്കുന്നുണ്ട്.<br><br>കൂടൽമാണിക്യം ദേവസ്വത്തിന് കീഴിലെ കൂടൽമാണിക്യം ക്ഷേത്രത്തിൽ ഉപദേശക സമിതി രൂപീകരിച്ചിട്ടില്ല എന്നാൽ കൂടൽമാണിക്യം ദേവസ്വത്തിന്റെ കീഴേടം ക്ഷേത്രങ്ങളിൽ അതാത് പ്രദേശത്തെ ഭക്തജനങ്ങളുടെ കമ്മിറ്റികളാണ് ക്ഷേത്ര ഭരണം നടത്തുന്നത്.<br><br>ഗുരുവായൂർ ദേവസ്വത്തിന് കീഴിലുള്ള കീഴേടം ക്ഷേത്രങ്ങളിലും പ്രദേശവാസികളെ ഉൾപ്പെടുത്തി ക്ഷേത്ര ക്ഷേമസമിതി എന്ന പേരിൽ കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്.<br><br>മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളിൽ ക്ഷേത്രോപദേശക സമിതികൾ നിലവിൽ പ്രവർത്തിക്കുന്നില്ല. മരാമത്ത്, ഉത്സവങ്ങൾ തുടങ്ങിയ ആവശ്യങ്ങളുമായി ബന്ധപ്പെട്ട് മലബാറിലെ ക്ഷേത്രങ്ങളിൽ കമ്മിറ്റികൾ രൂപീകരിക്കുന്ന പതിവുണ്ട്. |
| (ബി) | എങ്കിൽ ഉപദേശക സമിതികളുടെ രൂപീകരണത്തിന്റെ മാനദണ്ഡങ്ങൾ, അധികാരങ്ങൾ എന്നിവ വ്യക്തമാക്കുമോ; | (ബി) | കൂടൽമാണിക്യം ദേവസ്വത്തിന്റെ കീഴേടം ക്ഷേത്രങ്ങളിൽ ഭക്തരുടെ പൊതുയോഗം വിളിച്ച് അതിൽ നിന്നും തെരഞ്ഞെടുക്കുന്ന വ്യക്തികളെയാണ് ക്ഷേത്രകാര്യങ്ങൾ ഏൽപിക്കുന്നത്. പ്രസ്തുത കമ്മിറ്റിക്ക് മൂന്ന് വർഷമാണ് കാലാവധി നിശ്ചയിച്ചിരിക്കുന്നത്.<br><br>സമാനമായി ഗുരുവായൂർ ദേവസ്വം കീഴേടങ്ങളിൽ ക്ഷേമസമിതി രൂപീകരിക്കുന്നതിനായി യോഗം വിളിച്ച് ചേർത്ത് ഭാരവാഹികളെയും എക്സിക്യൂട്ടീവ് |

| | | | |
|---|---|---|---|
| | | | അംഗങ്ങളെയും തെരഞ്ഞെടുക്കുകയും ഗുരുവായൂർ ദേവസ്വം ഭരണസമിതിയുടെ അംഗീകാരത്തോടെ നിയമിക്കുകയുമാണ് ചെയ്തുവരുന്നത്. മറ്റ് മാനദണ്ഡങ്ങളൊന്നും തന്നെ ഗുരുവായൂർ ദേവസ്വം കീഴേടങ്ങളിലെ ക്ഷേമസമിതി തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് നിലവിലില്ല. ക്ഷേത്രത്തിന്റെ ഉന്നമനത്തിനായി ദേവസ്വത്തിനോടൊപ്പം സഹകരിക്കുക, പോരായ്മകൾ ദേവസ്വത്തിന്റെ ശ്രദ്ധയിൽപെടുത്തുക, ക്ഷേത്രചടങ്ങുകളിൽ നാട്ടുകാരുടെ പങ്കാളിത്തം ഉറപ്പ് വരുത്തുക മറ്റ് ക്ഷേമ പ്രവൃത്തികൾ ദേവസ്വത്തിന്റെ അനുമതിയോടെ ചെയ്യുക എന്നിവയല്ലാതെ ഗുരുവായൂർ ദേവസ്വം കീഴേടങ്ങളിലെ ക്ഷേമസമിതികൾക്ക് പ്രത്യേക അധികാരങ്ങളൊന്നും നൽകിയിട്ടില്ല.<br><br>തിരുവിതാംകൂർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളിലെ ഉപദേശകസമിതികളുടെ രൂപീകരണവുമായി ബന്ധപ്പെട്ട നിബന്ധനകൾ അനുബന്ധം -1 ആയും കൊച്ചിൻ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളിലെ ഉപദേശകസമിതികളുടെ രൂപീകരണവുമായി ബന്ധപ്പെട്ട നിയമാവലി അനുബന്ധം -2 ആയും മരാമത്ത്, ഉത്സവങ്ങൾ തുടങ്ങിയ ആവശ്യങ്ങളുമായി ബന്ധപ്പെട്ട് മലബാർ ദേവസ്വം ബോർഡിന് കീഴിലെ ക്ഷേത്രങ്ങളിൽ കമ്മിറ്റികൾ രൂപീകരിക്കുന്നത് സംബന്ധിച്ച വ്യവസ്ഥകൾ അനുബന്ധം -3 ആയും ചേർക്കുന്നു. |
| (സി) | ചില ജാതി മത സംഘടനകളുടെ പ്രതിനിധികൾ പ്രസ്തുത ഉപദേശക സമിതിയിൽ കടന്നു കൂടി ക്ഷേത്രഭരണത്തിൽ കൈ കടത്താൻ ശ്രമിക്കുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | ശ്രദ്ധയിൽപെട്ടിട്ടില്ല. |
| (ഡി) | എങ്കിൽ അത് നിയന്ത്രിക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (ഡി) | ബാധകമല്ല |

സെക്ഷൻ ഓഫീസർ

# തിരുവിതാംകൂർ ദേവസ്വം ബോർഡ്

## ക്ഷേത്ര ഉപദേശക സമിതി അന്തിമ വിജ്ഞാപനം

നമ്പർ ആർ.ഒ.സി-1809/09/എൻ.എസ്.

2011 നവംബർ 30.

തിരുവിതാംകൂർ-കൊച്ചി ഹിന്ദുമത സ്ഥാപന നിയമം 1950-ലെ 24, 31, 35 (3) വകുപ്പുകളിൽ നിക്ഷിപ്തമായിട്ടുള്ള അധികാരാവകാശങ്ങൾ ഉപയോഗിച്ചും പ്രസ്തുത നിയമത്തിന്റെ 2007 - ലെ ഭേദഗതിയിലൂടെ നിലവിൽ വന്ന വകുപ്പ് 31. എ. അനുസരിച്ചും ബഹുമാനപ്പെട്ട കേരളഹൈക്കോടതി ഡി.ബി.എ. 153/2009 നമ്പർ കേസിൽ 2010 നവംബർ 10-ാം തീയതി പുറപ്പെടുവിച്ച ഉത്തരവ് പ്രകാരവും, തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ ഭരണത്തിൻ കീഴിലുള്ള ദേവസ്വങ്ങളുടെ പ്രവർത്തനം ഭക്തജന പങ്കാളിത്തത്തോടെ കാര്യക്ഷമമാക്കുന്നതിനും ഹിന്ദുമത വിശ്വാസികൾക്ക് ക്ഷേത്രവുമായി കൂടുതൽ ആഭിമുഖ്യമുണ്ടാക്കുന്നതിനും വേണ്ടി ക്ഷേത്രോപദേശകസമിതികൾ രൂപീകരിക്കുന്നതിനായി തയ്യാറാക്കിയ ചട്ടങ്ങളുടെ കരടുരൂപം 2011 ഏപ്രിൽ 5-ാം തീയതിയിലെ കേരളഗസറ്റിൽ പ്രസിദ്ധികരിച്ചിരുന്നു. അതിനെ തുടർന്ന് വിശ്വാസികളിൽ നിന്ന് ലഭിച്ച നിർദ്ദേശങ്ങളുടേയും, അഭിപ്രായങ്ങളുടേയും അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട തിരുവിതാംകൂർ കൊച്ചിൻ ദേവസ്വം ബോർഡുകളുടെ ഓംബുഡ്സ്മാന്റെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലും അന്തിമ വിജ്ഞാപനം തയ്യാറാക്കി ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ മുൻകൂർ അംഗീകാരത്തിന് സമർപ്പിക്കുകയും ബഹുമാനപ്പെട്ട ഹൈക്കോടതി ഡി.ബി.എ. 153/2009 നമ്പർ കേസിൽ 2011 നവംബർ 3-ാം തീയതി പുറപ്പെടുവിച്ച ഉത്തരവിലൂടെ ചില നിർദ്ദേശങ്ങൾക്ക് വിധേയമായി ആയത് അംഗീകരിച്ചിട്ടുള്ളതാകുന്നു. പ്രസ്തുത നിർദ്ദേശങ്ങൾ കൂടി ഉൾപ്പെടുത്തി പരിഷ്കരിച്ച നിബന്ധനകൾ ചുവടെ ചേർക്കുന്നു.

## നിബന്ധനകൾ

### 1. പേര്

ഓരോ ക്ഷേത്രോപദേശക സമിതിയുടെയും പേര് അതാത് ക്ഷേത്രവുമായി ബന്ധപ്പെട്ട് അറിയപ്പെടുന്നതാണ്.

### 2. ഉദ്ദേശ്യ ലക്ഷ്യങ്ങൾ

ക്ഷേത്രത്തിന്റേയും, വിശ്വാസികളുടേയും പുരോഗതിക്കുവേണ്ടി പ്രവർത്തിക്കുക, ക്ഷേത്രാചാരങ്ങളും പൂജാക്രമങ്ങളും ശാസ്ത്രവിധിപ്രകാരം നടത്തുന്നതിന് സഹായകരമായ നിലപാടുകൾ സ്വീകരിക്കുക. ക്ഷേത്രത്തിന്റെ പ്രശസ്തിക്കും അഭിവൃദ്ധിക്കും, പുരോഗതിക്കും വേണ്ടി പദ്ധതികൾ ആവിഷ്ക്കരിക്കുകയും ബോർഡിൽ സമർപ്പിക്കുകയും ബോർഡിന്റെ അനുവാദത്തോടുകൂടി പ്രായോഗികമാക്കുകയും ചെയ്യുക. ക്ഷേത്ര ഉത്സവം, ചിറപ്പ്, ആട്ടവിശേഷം, മാസവിശേഷം മുതലായ വിശേഷാൽ അടിയന്തിരങ്ങൾ ഡിപ്പാർട്ടുമെന്റ് ഉദ്യോഗസ്ഥരുടെ അനുമതി വാങ്ങി ഭംഗിയായും ചിട്ടയായും നടത്തുക, ക്ഷേത്ര ദർശനത്തിനെത്തുന്ന ഭക്തജനങ്ങൾക്ക് വേണ്ട സൗകര്യങ്ങൾ ഒരുക്കുന്നതിന് ക്ഷേത്ര അധികാരികളെ സഹായിക്കുക, മനുഷ്യനന്മയ്ക്ക് ഉതകുന്ന തരത്തിൽ സനാതനധർമ്മങ്ങൾ പ്രചരിപ്പിക്കുക. ധ്യാനയോഗങ്ങൾ, നാമജപം, വിശേഷാൽ പൂജകൾ, ഭക്തിപ്രഭാഷണങ്ങൾ തുടങ്ങിയവ ഡിപ്പാർട്ടുമെന്റ് അനുമതിയോടെ സംഘടിപ്പിക്കുക, ഭക്തജനങ്ങൾക്ക് അന്നദാനം തുടങ്ങിയ സേവനം നടത്തുകയും അതിന് പ്രചോദനം നല്കുകയും ചെയ്യുക, ക്ഷേത്രവും പരിസരവും ശുചിയായി സൂക്ഷിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുക, മഹാന്മാരായ ക്ഷേത്രവിശ്വാസികളേയും ക്ഷേത്രകലാകാരന്മാരേയും ആദരിക്കുക, ക്ഷേത്രസംബന്ധമായ പ്രവർത്തനങ്ങളും, ഉത്സവാദി അടിയന്തിരങ്ങളും സുഗമമാക്കുന്നതിന് ഡിപ്പാർട്ടുമെന്റ് അനുമതിയോടെ മാത്രം സംഭാവനകൾ, ഇഷ്ടദാനം എന്നിവ ഭക്തജനങ്ങളിൽ നിന്നും സമാഹരിക്കുക.

### 3. അംഗത്വം

3. 1. ക്ഷേത്രാചാരങ്ങളിലും വിഗ്രഹാരാധനയിലും വിശ്വാസമുള്ള താഴെ സൂചിപ്പിക്കുന്ന വിഭാഗങ്ങളിൽപ്പെട്ട പ്രായപൂർത്തിയായ ഏതൊരു ഹിന്ദുവിനും അംഗത്വത്തിന് അർഹത ഉണ്ടായിരിക്കുന്നതാണ്.

(i) ക്ഷേത്രപരിസരത്ത് അഞ്ച് കിലോമീറ്റർ ചുറ്റളവിനുള്ളിൽ താമസിക്കുന്ന ഭക്തജനങ്ങൾ.

(ii) ക്ഷേത്രപാരമ്പര്യമായി ബന്ധപ്പെട്ട കരകളിലോ പ്രദേശങ്ങളിലോ താമസിക്കുന്ന ഭക്തജനങ്ങൾ.

(iii) സ്ഥിരമായി ക്ഷേത്രസന്ദർശനം നടത്തുന്നവരും ക്ഷേത്രത്തിന്റെയും വിശ്വാസികളുടേയും പുരോഗതിയ്ക്കുവേണ്ടി എടുത്തു പറയത്തക്ക സംഭാവനകൾ ചെയ്തിട്ടുള്ളവരുമായ ഭക്തജനങ്ങൾ.

(iv) ക്ഷേത്രപരിസരത്ത് ജനിച്ചുവളർന്നവരും, ക്ഷേത്രത്തിന്റെ വികസനത്തിലും ആഘോഷങ്ങളിലും പങ്കാളികളാവുന്നവരും എന്നാൽ ജീവിതോപാധിക്കായി മാറി താമസിക്കേണ്ടിവരുന്നവരുമായ ഭക്തജനങ്ങൾ.

3. 2. സ്വാഭാവദൂഷ്യങ്ങൾക്കോ ദുരുപയോഗങ്ങൾക്കോ സാമ്പത്തിക ക്രമക്കേടുകൾക്കോ ശിക്ഷിക്കപ്പെട്ടിട്ടുള്ളവർക്കും ക്ഷേത്രോപദേശകസമിതികളിൽ പ്രവർത്തിച്ച് നിയമരഹിതമായ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടവർക്കും, ബുദ്ധിമാന്ദ്യമുള്ളവർക്കും അംഗത്വത്തിന് അർഹത ഉണ്ടായിരിക്കുന്നതല്ല.

ഫോറത്തിൽ 100/- (രൂപ നൂറ് മാത്രം) ബോർഡ് നിഷ്കർഷിച്ചിട്ടുള്ള

3. 3. തിരുവിതാംകൂർ ദേവസ്വം ബോർഡ് നിഷ്കർഷിച്ചിട്ടുള്ള ഫോറത്തിൽ 100/- (രൂപ നൂറ് മാത്രം) പ്രവേശന ഫീസോടൊപ്പം അംഗത്വത്തിന് അപേക്ഷ ഭക്തജനങ്ങളിൽ നിന്നും സബ്ഗ്രൂപ്പ് ഓഫീസർ/അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ സ്വീകരിക്കേണ്ടതാണ്. അപേക്ഷ പരിശോധിച്ച് അംഗത്വം നൽകുന്നതിന് അർഹത ഉണ്ടെന്ന് ബോധ്യപ്പെട്ടാൽ സബ്ഗ്രൂപ്പ് ഓഫീസർ/അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ അംഗത്വകാർഡ് അവർക്ക് നൽകേണ്ടതുമാണ്.

3. 4. അംഗത്വം നൽകുന്നതിന് 3.1 ൽ നിഷ്ക്കർഷിച്ചിട്ടുള്ള 4 വിഭാഗത്തിൽപ്പെട്ടവരിൽ, എഞ്ചിനീയർമാർ, ആർക്കിടെക്ട്, ചാർട്ടേഡ് അക്കൗണ്ടന്റ്, വക്കീലന്മാർ, ഉയർന്ന ഉദ്യോഗങ്ങളിലിരുന്ന് വിരമിച്ചവർ തുടങ്ങിയവരെ സബ്ഗ്രൂപ്പ് ഓഫീസർമാർ നേരിട്ട് കാണുകയും, ക്ഷേത്രവികസന കാര്യങ്ങളിൽ അവർക്ക് താത്പര്യമുണ്ടെന്ന് കണ്ടാൽ അവരെ അംഗങ്ങളാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

3. 5. ക്ഷേത്രഉപദേശക സമിതിയെ തെരഞ്ഞെടുക്കുന്നതിന് അംഗത്വകാർഡ് ലഭിക്കുന്ന അംഗങ്ങളെ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഒരു രജിസ്റ്റേർഡ് മണ്ഡലം ഉണ്ടായിരിക്കുന്നതാണ്.

3. 6. ഒരു ക്ഷേത്രോപദേശക സമിതിയിൽ അംഗമാകുന്ന വ്യക്തി ദേവസ്വം ബോർഡിന്റെ കീഴിലുള്ള മറ്റ് ക്ഷേത്രങ്ങളിലെയോ ഏതെങ്കിലും സ്വകാര്യക്ഷേത്രങ്ങളിലെയോ ഉപദേശകസമിതിയിലോ മറ്റു ഭരണസമിതിയിലോ അംഗമായിരിക്കാൻ പാടില്ല.

## 4. ഉപദേശക സമിതിയുടെ അംഗസംഖ്യ

ക്ഷേത്രോപദേശകസമിതിയിൽ ആകെ 9-ൽ കുറയാത്ത അംഗസംഖ്യ ഉണ്ടായിരിയ്ക്കേണ്ടതാണ്. എന്നാൽ അംഗസംഖ്യ 15-ൽ കൂടാതിരിക്കുകയും വേണം. അസിസ്റ്റന്റ് ദേവസ്വം കമ്മിഷണർ, സബ്ഗ്രൂപ്പ് ആഫീസർ/അഡ്മിനിസ്ട്രേറ്റീവ് ആഫീസർ എന്നിവർ സമിതിയിലെ സ്ഥിരം അംഗങ്ങളായിരിക്കും. ദേവസ്വം കമ്മീഷണറുടെ അംഗീകാരത്തിനു വിധേയമായി സമിതിയുടെ അംഗസംഖ്യ നിശ്ചയിക്കാനുള്ള അധികാരം അസി. ദേവസ്വം കമ്മീഷണർക്കുണ്ടായിരിക്കുന്നതാണ്. എന്നാൽ, ഒരിക്കൽ നിശ്ചയിക്കപ്പെടുന്ന അംഗസംഖ്യയുടെ അടിസ്ഥാനത്തിൽ ഉപദേശകസമിതി നിലവിൽ വന്നു കഴിഞ്ഞാൽ കാലാവധിക്കുശേഷം മാത്രമേ മാറ്റം വരുത്തുവാൻ പാടുള്ളൂ.

## 5. തിരഞ്ഞെടുപ്പ്

ഉപദേശക സമിതിയിലെ സ്ഥിരാംഗങ്ങളൊഴികെയുള്ളവരെ തെരഞ്ഞെടുക്കുന്നതിലേയ്ക്ക് രജിസ്ട്രേഡ് ഭക്തജനങ്ങളുടെ പൊതുയോഗം അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ വിളിച്ചുകൂട്ടേണ്ടതാണ്. ആയതിലേയ്ക്ക് നിശ്ചിത യോഗത്തിന് ഒരാഴ്ച മുമ്പെങ്കിലും അംഗങ്ങൾക്കു നോട്ടീസ് നൽകിയിരിക്കേണ്ടതുമാണ്. അപ്രകാരം വിളിച്ചു കൂട്ടുന്ന യോഗത്തിൽ വച്ച് പൊതുധാരണയിൽ/സമവായത്തിൽ ഉപദേശക സമിതിയിലെ അംഗങ്ങളെ തെരഞ്ഞെടുക്കേണ്ടതാണ്. ഏതെങ്കിലും കാരണവശാൽ നിശ്ചിത അംഗസംഖ്യയിൽ അധികം പേരുകൾ നിർദേശിക്കപ്പെട്ടാൽ അസിസ്റ്റന്റ് ദേവസ്വം കമ്മീഷണറുടെ സാന്നിദ്ധ്യത്തിൽ ക്ഷേത്രനടയിൽവെച്ച് നിശ്ചിത അംഗങ്ങളെ നറുക്കിട്ട് തെരഞ്ഞെടുക്കേണ്ടതാണ്.

## 6. ഔദ്യോഗിക ഭാരവാഹികൾ

ഉപദേശക സമിതിയിൽ പ്രസിഡന്റ്, വൈസ്പ്രസിഡന്റ്, സെക്രട്ടറി, ഖജാൻജി എന്നിങ്ങനെ 4 ഔദ്യോഗിക സ്ഥാനം വഹിക്കുന്നവരും ബാക്കിയുള്ളവർ അംഗങ്ങളും ആയിരിക്കും.

## 7. ഔദ്യോഗിക ഭാരവാഹികളുടെ തെരഞ്ഞെടുപ്പ്

ഉപദേശക സമിതി അംഗങ്ങളുടെ തെരഞ്ഞെടുപ്പ് കഴിഞ്ഞാലുടൻ അസിസ്റ്റന്റ് ദേവസ്വം കമ്മിഷണർ വിളിച്ച് കൂട്ടുന്ന പ്രസ്തുത അംഗങ്ങളുടെ ഒരു പ്രത്യേക യോഗത്തിൽ വച്ച് പ്രസിഡന്റ്, വൈസ്പ്രസിഡന്റ്, സെക്രട്ടറി എന്നീ ഭാരവാഹികളെ ഭൂരിപക്ഷ അഭിപ്രായപ്രകാരം തെരഞ്ഞെടുക്കേണ്ടതാണ്. സമിതിയുടെ ട്രഷറർ ആയി അഡ്മിനിസ്ട്രേറ്റീവ് ആഫീസർ/ സബ്ഗ്രൂപ്പ് ആഫീസറെ അസിസ്റ്റന്റ് ദേവസ്വം കമ്മിഷണർ നോമിനേറ്റ് ചെയ്യേണ്ടതുമാണ്. അപ്രകാരം വിളിച്ചു ചേർക്കുന്ന യോഗനടപടികളുടെ മിനിട്സ് അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ എഴുതി സൂക്ഷിക്കേണ്ടതാണ്.

## 8. അംഗീകാരം

തെരഞ്ഞെടുപ്പ് നടപടികളുടെ മിനിട്സും ഉപദേശകസമിതി അംഗങ്ങളുടെ പേരും, മേൽവിലാസവും ഔദ്യോഗിക സ്ഥാനവും രേഖപെടുത്തിയ ലിസ്റ്റും ശുപാർശയോടുകൂടി ഒരാഴ്ച്ചക്കകം അസിസ്റ്റൻ ദേവസ്വം കമ്മീഷണർ അംഗീകാരത്തിനായി ദേവസ്വം കമ്മീഷണർക്ക് സമർപ്പിക്കേണ്ടതാണ്. ദേവസ്വം കമ്മീഷണർ തക്കതായ കാരണങ്ങൾ ഇല്ലെങ്കിൽ, ഉടനെ അംഗീകാരം നൽകേണ്ടതുമാണ്. ഒരു മാസത്തിനുള്ളിൽ അംഗീകാരം നൽകുകയോ നിഷേധിക്കുകയോ ചെയ്യാത്തപക്ഷം ഒരു മാസം അവസാനിക്കുന്ന തീയതി മുതൽ പ്രസ്തുത സമിതി നിലവിൽ വന്നതായി കണക്കാക്കേണ്ടതാണ്.

## 9. ഭാരവാഹികളും, ചുമതലയും

### 9. 1. പ്രസിഡന്റ്

ഉപദേശകസമിതിയുടെ യോഗങ്ങളിൽ അദ്ധ്യക്ഷം വഹിക്കുക, യോഗനടപടികൾ രേഖപ്പെടുത്തിയ മിനിട്സിൽ ഒപ്പ് വച്ച് അംഗീകാരം നൽകുക, സമിതിയുടെ പേരിൽ പ്രസിഡന്റും ട്രഷററും കൂട്ടായി ഏതെങ്കിലും ഒരു ദേശസാൽകൃത/ഷെഡ്യൂൾഡ് ബാങ്കിൽ അക്കൗണ്ട് തുറക്കുക, ദേവസ്വം ബോർഡിന്റെ നിർദ്ദേശങ്ങൾ അനുസരിച്ച് സമിതി പ്രവർത്തിക്കുന്നു എന്ന് ഉറപ്പുവരുത്തുക, സമിതിയുടെ നേതൃത്വത്തിലുള്ള പണപ്പിരിവ് സംബന്ധിച്ച മേൽനോട്ടം വഹിക്കുക, ബോർഡ് അംഗീകരിക്കുന്ന കാര്യങ്ങൾക്കു മാത്രം നിയമാനുസൃതം ഫണ്ട് ചെലവാക്കുന്നുവെന്ന് ഉറപ്പുവരുത്തുക, പണപ്പിരിവ് കഴിഞ്ഞാലുടൻ തുക നിയമാനുസൃതം ജോയിന്റ് അക്കൗണ്ടിൽ നിക്ഷേപിക്കുന്നുവെന്ന് ഉറപ്പുവരുത്തുക, ക്ഷേത്രഉന്നമനത്തിന് ഭക്തജന സൗകര്യാർഥം പദ്ധതികൾ ആവിഷ്ക്കരിച്ച് ബോർഡിന്റെ അനുമതിയോടെ നടപ്പാക്കുക. എല്ലാം അംഗങ്ങളുടേയും വിശ്വാസവും സഹരണവും കൂട്ടായ്മയും ഉറപ്പാക്കി അച്ചടക്കത്തോടെ ഉപദേശകസമിതി പ്രവർത്തിക്കുന്നുവെന്ന് ഉറപ്പുവരുത്തുക.

9. 2. വൈസ് പ്രസിഡന്റ്

യോഗങ്ങൾ കൂടുമ്പോൾ പ്രസിഡന്റിന്റെ അഭാവത്തിൽ യോഗത്തിന് അദ്ധ്യക്ഷം വഹിക്കുക, യോഗ നടപടികൾ നിയന്ത്രിക്കുക, യോഗത്തിന്റെ മിനിട്സ് ഒപ്പുവച്ച് അംഗീകരിക്കുക. ഉപദേശകസമിതി പ്രവർത്തനങ്ങളിൽ പ്രസിഡന്റിനെ സഹായിക്കുക.

9. 3. സെക്രട്ടറി

ക്ഷേത്ര ഉപദേശകസമിതിയുടെ ദൈനംദിന പ്രവർത്തനങ്ങൾ നടത്തുക, വരവുകൾക്ക് രസീത് കൊടുക്കുക, സമിതിയുടെ അംഗീകാരത്തിന് വിധേയമായി ചിലവുകൾ ചെയ്യുക, ചിലവുകൾക്ക് വൗച്ചറുകൾ എഴുതി സൂക്ഷിക്കുക, വരവ് ചിലവ് കണക്കുകൾ എഴുതി സൂക്ഷിക്കുക, സമിതിയുടെ പേരിലുള്ള ബാങ്ക് അക്കൗണ്ട്, ചെക്കുബുക്ക്, മറ്റ് റിക്കാർഡുകൾ മുതലായവ സൂക്ഷിക്കുക. യോഗതീരുമാനങ്ങൾ മിനിട്സിൽ രേഖപ്പെടുത്തി പ്രസിഡന്റിന്റെ കൈയൊപ്പ് വാങ്ങി സൂക്ഷിക്കുക. സമിതിയുടെ അംഗീകാരത്തോടെ രേഖകൾ, നിർദേശങ്ങൾ, അറിയിപ്പുകൾ, അപേക്ഷകൾ എന്നിവ ദേവസ്വം അധികൃതർ മുമ്പാകെ സമർപ്പിക്കുക. സാമ്പത്തിക സമാഹരണവും മറ്റും നടത്തുന്നതിന് ഡിപ്പാർട്ടുമെന്റിന്റെ അനുമതി വാങ്ങിച്ച് ആവശ്യമായ കൂപ്പൺ തയ്യാറാക്കി അസിസ്റ്റന്റ് ദേവസ്വം കമ്മീഷണറുടെ സീൽവച്ച് സൂക്ഷിക്കുകയും അത് നിയമാനുസൃതം ഉപയോഗിക്കുന്നു എന്ന് ഉറപ്പുവരുത്തുകയും ചെയ്യുക. പണപ്പിരിവുകളുടെയും വരവുചെലവുകളുടെയും വാർഷികകണക്കുകൾ ആഡിറ്റ് നടത്തി എല്ലാ വർഷവും ഏപ്രിൽ മാസം 30-ാം തീയതിയ്ക്ക് മുമ്പായി ബോർഡ് അധികൃതരുടെ മുമ്പാകെ ഹാജരാക്കുക, സമിതിയുടെ റിക്കാർഡുകൾ സൂക്ഷിക്കുക, സമിതി നിർദ്ദേശിക്കുന്നതും, ദേവസ്വം ബോർഡ് നിശ്ചയിക്കുന്നതുമായ യോഗങ്ങളിൽ സമിതിയെ പ്രതിനിധീകരിക്കുക, പ്രസിഡന്റിന്റെ നിർദ്ദേശാനുസരണം സമിതി യോഗങ്ങൾ വിളിച്ച് കൂട്ടുക.

9. 4. ട്രഷറർ

സമിതിയുടെ പേരിൽ ജോയിന്റ് അക്കൗണ്ട് തുടങ്ങുക, നിശ്ചിത ആവശ്യങ്ങൾക്കായി സമാഹരിക്കുന്ന പണം അപ്പപ്പോൾ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കുന്നുവെന്ന് ഉറപ്പുവരുത്തുക. വരവുചെലവുകൾക്ക് വൗച്ചറുകൾ സൂക്ഷിക്കുന്നുവെന്നും, കണക്കുകൾ കൃത്യമായി രേഖപ്പെടുത്തി വയ്ക്കുന്നുവെന്നും ഉപയോഗിച്ച രസീതുകളുടെ കൗണ്ടർ ഫോയിലുകളും ഉപയോഗിക്കാത്ത രസീതുകളും പ്രത്യേകം സൂക്ഷിക്കുന്നുവെന്നും ഉറപ്പുവരുത്തുക. ഉപദേശകസമിതിയുടെ അംഗീകാരത്തോടുകൂടിയും പ്രസിഡന്റ്, സെക്രട്ടറി എന്നിവരുടെ അറിവോട് കൂടിയുമാണ് വരവ് ചെലവുകൾ നടത്തുന്നതെന്ന് ഉറപ്പു വരുത്തുക, അടിയന്തിരഘട്ടങ്ങളിൽ ഉപയോഗിക്കുന്നതിന് സമിതിയുടെ തീരുമാനത്തിന് വിധേയമായി ആയിരം രൂപയിൽ കവിയാത്ത തുക കൈവശം വയ്ക്കുക.

## 10. ക്വാറവും തീരുമാനങ്ങളും

ഉപദേശകസമിതിയുടെയും ക്വാറം നിശ്ചയിക്കപ്പെട്ടിട്ടുള്ള കമ്മിറ്റി അംഗങ്ങളുടെ മൂന്നിൽ രണ്ടായിരിക്കുന്നതാണ്. ഉപദേശകസമിതിയിൽ ഹാജരാകുന്ന അംഗങ്ങളുടെ ഭൂരിപക്ഷ അഭിപ്രായപ്രകാരമായിരിക്കണം എല്ലാ തീരുമാനങ്ങളും എടുക്കേണ്ടത്. പ്രസിഡന്റിന്റെയും വൈസ് പ്രസിഡന്റിന്റെയും അഭാവത്തിൽ ഹാജരായവരിൽ ഭൂരിപക്ഷം പേർ നിർദ്ദേശിക്കുന്ന ഒരംഗത്തെ യോഗത്തിന്റെ അദ്ധ്യക്ഷനാക്കാവുന്നതാണ്.

## 11. കാലാവധി

ക്ഷേത്ര ഉപദേശകസമിതിയുടെ പ്രവർത്തനകാലാവധി സമിതിയെ ഡിപ്പാർട്ടുമെന്റ് അംഗീകരിച്ച തീയതി മുതൽ രണ്ട് വർഷക്കാലമായിരിക്കും. വികസനപ്രവർത്തനങ്ങളുടെ പേരിലോ, ഒഴിച്ചുകൂടാനാകാത്ത ചടങ്ങുകളുടെ പേരിലോ ഉപദേശകസമിതിയുടെ കാലാവധി ഒരു വർഷം കൂടി ദീർഘിപ്പിച്ച് നൽകുവാൻ ദേവസ്വം കമ്മിഷണർക്കും വീണ്ടും ഒരുവർഷം കൂടി ദീർഘിപ്പിച്ചു നൽകുവാൻ ദേവസ്വം ബോർഡിനും അധികാരമുണ്ടായിരിക്കുന്നതാണ്. എന്നാൽ ഉപദേശകസമിതിയുടെ കാലാവധി രണ്ടു വർഷത്തിൽ കൂടുതൽ ദീർഘിപ്പിച്ച് നൽകുവാൻ പാടുള്ളതല്ല.

## 12. ദേവസ്വം ബോർഡിന്റെ അധികാര അവകാശങ്ങൾ

ഉപദേശകസമിതിയിലെ അംഗങ്ങളുടെ യോഗ്യത നിശ്ചയിക്കുവാനും സമിതിയുടെ കാലാവധി നിശ്ചയിക്കാനും, വ്യക്തമായ കാരണങ്ങളുടെ അടിസ്ഥാനത്തിൽ അംഗങ്ങളെ സമിതിയിൽ നിന്ന് നീക്കം ചെയ്യാനുമുള്ള അധികാരം ദേവസ്വം കമ്മീഷണർക്ക് ഉണ്ടായിരിക്കുന്നതാണ്. ഉപദേശകസമിതിയുടെ പ്രവർത്തനങ്ങൾ ക്ഷേത്രത്തിന്റേയും, ഹിന്ദുമത വിശ്വാസത്തിന്റേയും, ദേവസ്വം ബോർഡിന്റേയും താല്പര്യങ്ങൾക്ക് വിരുദ്ധമായി വരുന്ന അവസരത്തിലും വ്യക്തമായ സാമ്പത്തിക ക്രമക്കേടുകൾ ശ്രദ്ധയിൽപെടുന്ന അവസരത്തിലും സമിതിയെ പൂർണമായും നീക്കം ചെയ്യുന്നതിനുള്ള പരിപൂർണ്ണ അധികാരം ദേവസ്വം കമ്മീഷണർക്ക് ഉണ്ടായിരിക്കുന്നതാണ്.

## 13. അപ്പീൽ തീർപ്പ്

കമ്മിറ്റിയുടെ മേലുള്ള ദേവസ്വം കമ്മീഷണറുടെ നടപടികളെ സംബന്ധിച്ച് തർക്കമുള്ളപക്ഷം സമിതിക്ക് ബോർഡ് മുമ്പാകെ അപ്പീൽ സമർപ്പിക്കാവുന്നതും, അപ്പീലിന്മേൽ ബോർഡ് കൈക്കൊള്ളുന്ന തീരുമാനം അന്തിമമായിരിക്കുന്നതുമാണ്.

## 14. മറ്റ് തർക്കങ്ങൾ

ക്ഷേത്ര ഉപദേശകസമിതിയിലെ അംഗങ്ങൾ തമ്മിലോ കൂട്ടായോ ദേവസ്വം ഉദ്യോഗസ്ഥന്മാരുമായിട്ടോ മറ്റേതെങ്കിലും വിധത്തിലോ ഉണ്ടാകുന്ന എല്ലാവിധ തർക്കങ്ങളിന്മേലും ദേവസ്വം കമ്മീഷണർ കൈക്കൊള്ളുന്ന തീരുമാനം അന്തിമമായിരിക്കും.

## 15. യോഗം

സമിതിയോഗം രണ്ട് മാസത്തിലൊരിക്കലെങ്കിലും കൂടേണ്ടതാണ്. ഇത് വിളിച്ച് ചേർക്കേണ്ട ചുമതല സെക്രട്ടറിക്കാണ്. എന്നാൽ യോഗം വിളിച്ചുകൂട്ടുന്നതിന് സെക്രട്ടറി വീഴ്ച വരുത്തുന്ന പക്ഷം അസാധാരണയോഗങ്ങൾ വിളിച്ച് കൂട്ടാൻ പ്രസിഡന്റിന് അധികാരമുണ്ടായിരിക്കുന്നതാണ്. ഉപദേശകസമിതിയുടെ മുൻകൂർ അംഗീകാരമില്ലാതെ ഏതെങ്കിലും അംഗം തുടർച്ചയായി മൂന്നു യോഗങ്ങളിൽ പങ്കെടുക്കാതിരുന്നാൽ, അത്തരം അംഗങ്ങളുടെ

സമിതിയിലെ സ്ഥാനം നഷ്ടപ്പെടുന്നതായിരിക്കും. കാലാവധി തീരുന്നതുവരെ ശേഷിക്കുന്ന അംഗങ്ങൾ മാത്രം സമിതിയിൽ തുടരുന്നതുമാണ്.

**16. യോഗസ്ഥലം**

ക്ഷേത്ര ഉപദേശകസമിതിയുടെ യോഗം അതാത് ക്ഷേത്രങ്ങളുടെ ആഫീസിലോ, ഊട്ടുപുരകളിലോ, ക്ഷേത്ര പരിസരത്തോവച്ച് കൂടാവുന്നതാണ്.

**17. മിനിട്സ്**

ഉപദേശകസമിതി യോഗത്തിന്റെ മിനിട്സ് സെക്രട്ടറി രേഖപ്പെടുത്തി പ്രസിഡന്റിന്റെ കൈയ്യൊപ്പോടെ സൂക്ഷിക്കേണ്ടതും പകർപ്പുകൾ ഒരാഴ്ചയ്ക്കകം അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർക്ക് നൽകേണ്ടതുമാണ്.

**18. നിരോധനം**

ക്ഷേത്ര ഉപദേശകസമിതിയോ, അംഗങ്ങളോ ക്ഷേത്രസന്ദർശകരിൽ നിന്നും ക്ഷേത്രത്തിനുള്ളിൽവച്ച് യാതൊരു പണപിരിവുകളും നടത്താൻ പാടില്ല. ക്ഷേത്രോപദേശകസമിതിയുടെ ചുമതലയിൽ ക്ഷേത്രത്തിനുള്ളിൽ നടക്കുന്ന ചടങ്ങുകളുടെ വേദികളിൽ പണം സമാഹരിക്കുന്നതിന് കാണിക്കവഞ്ചികളോ, പാത്രങ്ങളോ വെയ്ക്കാൻ പാടില്ലാത്തതാണ്. ക്ഷേത്രവികസനകാര്യങ്ങൾക്ക് വേണ്ടി ഡിപ്പാർട്ടുമെന്റ് അനുവാദത്തോടുകൂടി കൂപ്പണുകൾ അച്ചടിക്കുമ്പോൾ നിശ്ചിതതുക രേഖപ്പെടുത്തിയ കൂപ്പണുകൾ മാത്രമേ അച്ചടിക്കാൻ പാടുള്ളൂ. അസിസ്റ്റന്റ് ദേവസ്വം കമ്മീഷണറുടെ മുദ്ര പതിപ്പിക്കാത്ത രസീതുകൾ യാതൊരു കാരണവശാലും പണപ്പിരിവിന് ഉപയോഗിക്കാൻ പാടില്ല. ഇതിന് വിരുദ്ധമായ പ്രവർത്തനങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ സാമ്പത്തിക ക്രമക്കേടായി പരിഗണിച്ച് നിലവിലുള്ള നിയമങ്ങൾ അനുസരിച്ച് കർശന നടപടികൾ സ്വീകരിക്കാനുള്ള അധികാരം ബോർഡിന് ഉണ്ടായിരിക്കുന്നതാണ്. ഉപദേശകസമിതിയിലെ ഭാരവാഹിത്വത്തിലും അംഗത്വത്തിലും ഉൾപ്പെടുന്ന ഒരു വ്യക്തിക്ക് തുടർച്ചയായി രണ്ടു കമ്മിറ്റിയുടെ കാലാവധിയിൽ കൂടുതൽ സമിതിയിൽ തുടരാൻ അർഹത ഉണ്ടായിരിക്കുന്നതല്ല. തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ ഭരണാധികാരത്തെയും നിയന്ത്രണാധികാരത്തെയും സമിതിക്കോ, സമിതിയിലെ അംഗങ്ങൾക്കോ ചോദ്യം ചെയ്യാൻ യാതൊരു അവകാശവും ഉണ്ടായിരിക്കുന്നതല്ല. ദേവസ്വം ബോർഡിന്റെ ഭരണത്തിലുള്ള ക്ഷേത്രത്തിലെ ഉപദേശകസമിതിയിൽ അംഗമായിട്ടുള്ള ഒരാൾക്ക് അതേകാലയളവിൽ ബോർഡ് ഭരണത്തിലുള്ള മറ്റ് ക്ഷേത്രങ്ങളിലേയോ ഏതെങ്കിലും സ്വകാര്യ ക്ഷേത്രങ്ങളിലേയോ ഉപദേശകസമിതിയിലോ മറ്റു ഭരണസമിതിയിലോ അംഗമായിരിക്കാൻ അർഹത ഉണ്ടായിരിക്കുന്നതല്ല.

**19. സാമ്പത്തിക ബാദ്ധ്യതകൾ**

ക്ഷേത്രോപദേശകസമിതിയുടെ പ്രവർത്തനം മൂലം ഉണ്ടാകുന്ന സാമ്പത്തിക ബാദ്ധ്യതകൾക്ക് തിരുവിതാംകൂർ ദേവസ്വം ബോർഡ് ഉത്തരവാദിയായിരിക്കുന്നതല്ല.

**20. ആസ്തികൾ**

ഉപദേശകസമിതികൾ സ്വയം പിരിഞ്ഞ്പോകുകയോ, പിരിച്ചുവിടുകയോ, പ്രവർത്തനരഹിതമാകുകയോ പ്രവർത്തനകാലാവധി അവസാനിയ്ക്കുകയോ ചെയ്യുമ്പോൾ ആസ്തികളും ധനനിക്ഷേപങ്ങളും തിരുവിതാംകൂർ ദേവസ്വം ബോർഡ് ഫണ്ടിന്റെ ഭാഗമായി തീരുന്നതാണ്. പ്രസ്തുത നിക്ഷേപങ്ങൾ അതാതു ക്ഷേത്രത്തിന്റെ ആവശ്യത്തിനുമാത്രം പിൻവലിക്കുന്നതിന് ദേവസ്വം കമ്മീഷണർക്ക് അധികാരമുണ്ടായിരിക്കുന്നതാണ്. ഇപ്രകാരമുള്ള ആസ്തികളും, നിക്ഷേപങ്ങളും അതാത് ക്ഷേത്രങ്ങളുടെ അഭിവൃദ്ധിക്കുവേണ്ടി ഉപയോഗപ്പെടുത്തേണ്ടതാണ്.

**21. ദേവസ്വം ബോർഡിന്റെ പ്രത്യേക അധികാരം**

ഏതെങ്കിലും ക്ഷേത്രങ്ങളിൽ ഉപദേശകസമിതികൾ രൂപീകരിക്കുന്നതിന് പ്രായോഗികമായി ബുദ്ധിമുട്ടുള്ള പക്ഷം ഉപദേശകസമിതികൾ വേണ്ടെന്ന് നിശ്ചയിക്കാനുള്ള അധികാരം ദേവസ്വം ബോർഡിന്റെ അംഗീകാരത്തിനു വിധേയമായി ദേവസ്വം കമ്മീഷണറിൽ നിക്ഷിപ്തമായിരിക്കുന്നതാണ്.

പ്രത്യേക സാഹചര്യങ്ങളിൽ ദേവസ്വങ്ങളിൽ പ്രവർത്തിച്ചുവരുന്ന മറ്റ് സമിതികളെ ഉപദേശകസമിതിക്ക് പകരമായി അംഗീകരിക്കുവാൻ ഉള്ള അധികാരം ബോർഡിൽ നിക്ഷിപ്തമായിരിക്കും. മേൽപ്രകാരം നിലവിലുള്ള സമിതികൾക്ക് അംഗീകാരം ആവശ്യമുള്ളപക്ഷം അവ ഈ ബൈല നിലവിൽവന്ന് ഒരു മാസത്തിനകം ബോർഡിന് അപേക്ഷ നൽകേണ്ടതാണ്. അതതു സമിതിയുടെ ബൈലാ പരിശോധിച്ച് അവയ്ക്ക് ക്ഷേത്ര ഉപദേശക സമിതിയുടെ ബൈലയുമായി അടിസ്ഥാനപരമായി വിയോജിപ്പില്ലായെന്ന് കാണുന്ന പക്ഷം ഉപദേശക സമിതിക്ക് പകരമായി പ്രസ്തുത സമിതിയെ അംഗീകരിക്കുന്ന കാര്യത്തിൽ ബോർഡ് തീരുമാനം കൈക്കൊള്ളുന്നതാണ്. അംഗീകരിക്കുന്നപക്ഷം അത്തരം സമിതികളുടെ സാമ്പത്തിക ഇടപാടുകൾ ഉൾപ്പെടെയുള്ള എല്ലാ കാര്യങ്ങളും പരിശോധിക്കുന്നതിനും അനന്തര നടപടികൾ സ്വീകരിക്കുന്നതിനും ബോർഡിനധികാരമുണ്ടായിരിക്കും. ഇതുമായി ബന്ധപ്പെട്ട എല്ലാ നടപടികളും അതത് സമിതിക്ക് നോട്ടീസ് നൽകിക്കൊണ്ട് മാത്രമേ കൈക്കൊള്ളുവാൻ പാടുള്ളൂ. ഇതിന്മേലുള്ള ബോർഡിന്റെ തീരുമാനം സംബന്ധിച്ച് എന്തെങ്കിലും തർക്കമുള്ള പക്ഷം ബഹുമാനപ്പെട്ട തിരുവിതാംകൂർ കൊച്ചിൻ ദേവസ്വം ബോർഡുകളുടെ ഓംബുഡ്സ്മാനുമുൻപിൽ അപ്പീൽ നൽകാവുന്നതും പരാതിക്കാരെ നേരിൽകേട്ടശേഷം ബഹുമാനപ്പെട്ട ഓംബുഡ്സ്മാൻ ആയതിന്മേൽ തീർപ്പ് കൽപ്പിക്കുന്നതും ആവശ്യമെങ്കിൽ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ തീരുമാനത്തിന് സമർപ്പിക്കുന്നതുമായിരിക്കും.

തിരുവിതാംകൂർ ദേവസ്വം ബോർഡിനു വേണ്ടി.

(ഒപ്പ്)

**സെക്രട്ടറി**

TDBP 119/2012/1500

# ക്ഷേത്ര ഉപദേശക സമിതികൾ രൂപീകരിക്കുന്നതു സംബന്ധിച്ചുള്ള ബൈലോ

**1. പേര്**

ഓരോ ക്ഷേത്രാപദേശക സമിതിയുടേയും പേര് അതാത് ക്ഷേത്രവുമായി ബന്ധപ്പെട്ട് അറിയപ്പെടുന്നതാണ്.

**2. ഉദ്ദേശ്യലക്ഷ്യങ്ങൾ**

അതാത് ക്ഷേത്രത്തിന്റേയും, വിശ്വാസികളുടേയും പുരോഗതിക്കു വേണ്ടി പ്രവർത്തിക്കുക, ക്ഷേത്രാചാരങ്ങളും പൂജാക്രമങ്ങളും ശാസ്ത്രവിധി പ്രകാരം നടത്തുന്നതിന് സഹായകരമായ നിലപാടുകൾ സ്വീകരിക്കുക, ക്ഷേത്രത്തിന്റെ പ്രശസ്തിക്കും, അഭിവൃദ്ധിക്കും, പുരോഗതിക്കും വേണ്ടി മരാമത്തു പദ്ധതികൾ ഉൾപ്പെടെയുള്ള പദ്ധതികൾ ആവിഷ്കരിക്കുകയും ബോർഡിൽ സമർപ്പിക്കുകയും ബോർഡിന്റെ അനുവാദത്തോടുകൂടി ഭക്തജനങ്ങളിൽ നിന്നും സംഭാവനകളും മറ്റും സ്വീകരിച്ച് പ്രയായോഗികമാക്കുകയും ചെയ്യുക, ക്ഷേത്ര ഉത്സവം, ആണ്ടുവിശേഷം, മാസവിശേഷം മുതലായ വിശേഷാൽ അടിയന്തിരങ്ങൾ കൊച്ചിൻ ദേവസ്വം ബോർഡ് ഉദ്യോഗസ്ഥരുടെ അനുമതി വാങ്ങി ഭക്തജനപങ്കാളിത്തത്തോടെ ഭംഗിയായും ചിട്ടയായും നടത്തുക, ക്ഷേത്ര ദർശനത്തിന് എത്തുന്ന ഭക്തജനങ്ങൾക്ക് വേണ്ട സൗകര്യങ്ങൾ ഒരുക്കുന്നതിന് ക്ഷേത്ര അധികാരികളെ സഹായിക്കുക, ക്ഷേത്ര ഭൂമി അന്യാധീനപ്പെടാതിരിക്കുന്നതിന് ആവശ്യമായ സഹായങ്ങൾ ചെയ്യുക. മനുഷ്യനന്മക്ക് ഉതകുന്ന തരത്തിൽ സനാതനധർമ്മങ്ങൾ പ്രചരിപ്പിക്കുക, ധ്യാനയോഗങ്ങൾ, നാമജപം, ഭക്തിപ്രഭാഷണങ്ങൾ തുടങ്ങിയവ കൊച്ചിൻ ദേവസ്വം ബോർഡ് അനുമതിയോടെ സംഘടിപ്പിക്കുക, ഭക്തജനങ്ങൾക്ക് അന്നദാനം തുടങ്ങിയ സേവനം ബോർഡ് അനുമതിക്കും നിബന്ധനകൾക്കും വിധേയമായി നടത്തുകയും അതിന് പ്രചോദനം നൽകുകയും ചെയ്യുക, ക്ഷേത്രവും പരിസരവും ശുചിയായി സൂക്ഷിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുക, മഹാന്മാരായ ക്ഷേത്ര വിശ്വാസികളേയും ക്ഷേത്രകലാകാരന്മാരേയും ആദരിക്കുക, ക്ഷേത്ര സംബന്ധമായ പ്രവർത്തനങ്ങളും, ഉത്സവാദി അടിയന്തിരങ്ങളും സുഗമമാക്കുന്നതിന് കൊച്ചിൻ ദേവസ്വം ബോർഡ് അനുമതിയോടെ മാത്രം സംഭാവനകൾ, ഇഷ്ടദാനം എന്നിവ ഭക്തജനങ്ങളിൽ നിന്നും സമാഹരിക്കുകയും അത്തരം വരുമാനങ്ങൾക്കകത്തു നിന്നുകൊണ്ട് ഉള്ള പദ്ധതികൾ മാത്രം ആവിഷ്കരിച്ച് പ്രവർത്തിക്കുകയും ചെയ്യുക.

**3. അംഗത്വം**

ഉറച്ച ഈശ്വരവിശ്വാസികളും ക്ഷേത്ര കാര്യങ്ങളിൽ താൽപര്യവും ക്ഷേത്രത്തിന്റെ ഉന്നമനത്തിനുവേണ്ടി നിസ്വാർത്ഥ സേവനം നടത്തുവാൻ സന്നദ്ധനാണെന്ന് ദേവസ്വം അധികാരികൾക്ക് ബോധ്യമുള്ളവരും പ്രായപൂർത്തിയായവരുമായ ഏതൊരു ഹിന്ദുവിനും ക്ഷേത്ര ഉപദേശക സമിതിയിൽ അംഗത്വത്തിന് അർഹത ഉണ്ടായിരിക്കും. ക്ഷേത്ര ഉപദേശക സമിതിയിൽ

അംഗമാകുന്നവർ ക്ഷേത്രവുമായി ബന്ധപ്പെട്ടവരും ക്ഷേത്രത്തിന്റെ ആചാരപരമായ ഭൂപ്രദേശങ്ങളിൽ ഉൾപ്പെടുന്നവരും പതിവായി ക്ഷേത്രത്തിൽ വരുന്നവരും ക്ഷേത്ര പുരോഗതിക്കു വേണ്ടി പ്രവർത്തിക്കുന്നവരും ക്ഷേത്രത്തിന്റെ ചുറ്റുവട്ടത്ത് ജനിച്ചു വളർന്ന് ഔദ്യോഗിക ആവശ്യങ്ങൾക്കായി ദൂരെ താമസിക്കുന്നവരുമായ ഹിന്ദുക്കളായി ജനിച്ച എല്ലാവർക്കും ക്ഷേത്ര ഉപദേശക സമിതിയിൽ അംഗങ്ങളാകാം. എന്നാൽ ബുദ്ധിസ്ഥിരതയില്ലാത്തവർക്കും, സ്വഭാവദൂഷ്യത്താലോ ദുരാചാരത്താലോ ക്രിമിനൽ കേസുകളിൽ ശിക്ഷിക്കപ്പെട്ടവർക്കും, സാമ്പത്തിക ക്രമക്കേടുകളിൽ ഉൾപ്പെട്ടവർക്കും, മുമ്പ് ക്ഷേത്രോപദേശക സമിതികളിൽ പ്രവർത്തിച്ച് നിയമരഹിതമായ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടവർക്കും, ക്ഷേത്രസ്വത്ത് കൈയ്യേറി കൈവശം വെച്ചിരിക്കുന്നവർക്കും അംഗത്വത്തിന് അർഹതയുണ്ടായിരിക്കുന്നതല്ല. ക്ഷേത്ര ഉപദേശക സമിതി തിരഞ്ഞെടുക്കുന്നതിന് ഒരു ജനറൽ ബോഡി രൂപീകരിക്കേണ്ടതാണ്. ആയതിന് കൊച്ചിൻ ദേവസ്വം ബോർഡ് ഒരു അപേക്ഷ ഫോം വിതരണം ചെയ്യുന്നതും, ക്ഷേത്ര ഉപദേശക സമിതിയിൽ അംഗമാകാൻ ആഗ്രഹിക്കുന്നവർ ടി ഫോറം പൂരിപ്പിച്ച് നൽകേണ്ടതുമാണ്. അപ്രകാരം ലഭിക്കുന്ന അപേക്ഷകരുടെ വിവരം പരിശോധിച്ച് കരട് ലിസ്റ്റ് ക്ഷേത്രത്തിന്റെ നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തി പരാതി സമർപ്പിക്കുവാൻ 10 ദിവസത്തെ സമയം നൽകുകയും ലഭിച്ച പരാതികൾ പരിശോധിച്ച് അന്തിമ ലിസ്റ്റ് 10 ദിവസത്തിനകം ക്ഷേത്രത്തിന്റെ നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തേണ്ടതും ആയതിനു ശേഷം 7 ദിവസത്തിനകം അപേക്ഷകരുടെ ജനറൽ ബോഡി വിളിക്കേണ്ടതുമാണ്. ജനറൽ ബോഡി വിളിക്കുന്നതിനുള്ള അറിയിപ്പ് അതാത് ക്ഷേത്ര നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തേണ്ടതാണ്. ടി ജനറൽ ബോഡിയിൽ ദേവസ്വം ഓഫീസറുടെ അധ്യക്ഷതയിൽ ക്ഷേത്ര ഉപദേശക സമിതിയെ തിരഞ്ഞെടുക്കേണ്ടതാണ്. തിരഞ്ഞെടുക്കുന്നതിന് ഒരാൾക്ക് ഒരാളുടെ പേര് നിർദ്ദേശിക്കാവുന്നതും ഒരാൾക്ക് പിന്താങ്ങാവുന്നതുമാണ്. അപ്രകാരമുള്ള തിരഞ്ഞെടുപ്പിൽ സമവായം വരാത്ത പക്ഷം പൊതുയോഗം നിർത്തി വെച്ച് ദേവസ്വം ഓഫീസർ വിവരം ബോർഡ് മുമ്പാകെ റിപ്പോർട്ട് ചെയ്യേണ്ടതും ബോർഡിന്റെ പ്രത്യേക അനുമതി വാങ്ങി ക്ഷേത്ര ഉപദേശക സമിതിയെ ജനറൽ ബോഡി അംഗങ്ങളിൽ നിന്നും നോമിനേറ്റ് ചെയ്യാവുന്നതും ആയത് അസിസ്റ്റന്റ് കമ്മീഷ്ണറുടെ ശുപാർശ സഹിതം ബോർഡ് മുമ്പാകെ സമർപ്പിച്ച് അംഗീകാരം വാങ്ങേണ്ടതുമാണ്. ഇപ്രകാരമുള്ള പരമാവധി 21 പേരുടെ ലിസ്റ്റിൽ നിർബന്ധമായും ഒരു വനിതയും എസ്.സി./എസ്.ടി അംഗവും ഉണ്ടായിരിക്കണം. ഭാരവാഹിത്വത്തിൽ അച്ഛൻ, അമ്മ, മക്കൾ എന്നിവരിൽ നിന്നും ഒരാൾ മാത്രമേ പാടുള്ളൂ.

**4. ജനറൽ ബോഡി**

ക്ഷേത്ര ഉപദേശക സമിതിയുടെ ജനറൽ ബോഡിക്ക് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. എല്ലാ വർഷവും ജനറൽ ബോഡി വിളിക്കേണ്ടതാണ്. ആദ്യത്തെ ജനറൽ ബോഡിയിൽ കണക്കുകളൊന്നും അവതരിപ്പിക്കേണ്ടതില്ല. ആയത് തിരഞ്ഞെടുപ്പ് ജനറൽ ബോഡി ആയിരിക്കും. പിന്നീട് വരുന്ന ജനറൽ ബോഡി മുമ്പാകെ ക്ഷേത്ര ഉപദേശക സമിതികളുടെ വാർഷിക കണക്ക് അവതരിപ്പിക്കേണ്ടതും പ്രധാന നയപരമായ തീരുമാനങ്ങൾ ജനറൽ ബോഡിയുടെ അനുമതിയോടെ എടുക്കേണ്ടതുമാണ്. അസാധാരണ പൊതുയോഗം വിളിച്ച് കൂട്ടുന്നതിന് ക്ഷേത്ര ഉപദേശക സമിതി പ്രസിഡന്റിന് അധികാരമുണ്ടായിരിക്കുന്നതാണ്. ജനറൽ ബോഡിയുടെ കാലാവധി പരമാവധി രണ്ടു വർഷവും ആയത് പ്രത്യേക സാഹചര്യങ്ങളിൽ ആതായത് ചില വികസന പ്രവർത്തനങ്ങളുടെ പേരിലോ ചില ഒഴിച്ചുകൂടാൻ ആകാത്ത ചടങ്ങുകളുടെ പേരിലോ കാലാവധി പരമാവധി ഒരു വർഷം കൂടി ബോർഡിന് ദീർഘിപ്പിച്ച് നൽകാവുന്നതാണ്. പിന്നീട് സമിതി അംഗം ആകണമെങ്കിൽ പുതിയ ഫോം വാങ്ങി പുതിയ അംഗത്വം സ്വീകരിക്കേണ്ടതാണ്.

**5. അംഗസംഖ്യ**

ക്ഷേത്രാപദേശകസമിതിയിൽ പരമാവധി 21 (ഓഡിറ്റർ ഉൾപ്പെടെ) വരെ അംഗങ്ങളെ ഉൾപ്പെടുത്താവുന്നതാണ്. (ചോറ്റാനിക്കര ഭഗവതി ക്ഷേത്രം, തൃപ്പൂണിത്തുറ ശ്രീപൂർണ്ണത്രയീശ ക്ഷേത്രം, തൃശ്ശൂർ ശ്രീവടക്കുന്നാഥൻ ക്ഷേത്രം, തൃപ്രയാർ ശ്രീരാമസ്വാമി ക്ഷേത്രം, കൊടുങ്ങല്ലൂർ ശ്രീകുരുംബ ഭഗവതി ക്ഷേത്രം, തിരുവില്വാമല ശ്രീവില്വാദ്രിനാഥ ക്ഷേത്രം, എറണാകുളം ശിവക്ഷേത്രം ഒഴികെ) ഇതിൽ രണ്ടു പേർ ജീവനക്കാരിൽ നിന്നും, അതായത് മാനേജർ/ദേവസ്വം ഓഫീസർ/ജൂനിയർ ദേവസ്വം ഓഫീസർ എന്നിവരിൽ നിന്ന് ഒരാളും, ക്ഷേത്ര ജീവനക്കാരിൽ നിന്നുള്ള ഒരാളും ആയിരിക്കും. കൂടാതെ കമ്മിറ്റിയിൽ ഒരു വനിതയേയും, പട്ടികജാതി പട്ടിക വർഗ്ഗത്തിൽപ്പെടുന്ന ഒരാളേയും ഓഡിറ്ററേയും നിർബന്ധമായും ഉൾപ്പെടുത്തേണ്ടതാണ്. എക്സ് ഒഫീഷ്യോ അംഗങ്ങൾക്ക് വോട്ടവകാശം ഇല്ലാത്തതാണ്.

**6. ഒദ്യോഗിക ഭാരവാഹികൾ**

പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, സെക്രട്ടറി, ജോയിന്റ് സെക്രട്ടറി, ഖജാൻജി, എന്നിങ്ങനെ 5 ഔദ്യോഗിക സ്ഥാനങ്ങളും ബാക്കിയുള്ളവർ അംഗങ്ങളും ആയിരിക്കും. ഇതു കൂടാതെ ഓഡിറ്റർ സമിതിയിലെ എക്സ് ഒഫീഷ്യോ അംഗമായിരിക്കും.

**7. ഔദ്യോഗിക ഭാരവാഹികളുടെ തിരഞ്ഞെടുപ്പ്**

നാലാം ചട്ടപ്രകാരം തെരഞ്ഞെടുക്കുന്ന അംഗങ്ങളുടെ ഒരു പ്രത്യേക യോഗം അന്നുതന്നെ ദേവസ്വം മാനേജർ/ദേവസ്വം ഓഫീസർ/ജൂനിയർ ദേവസ്വം ഓഫീസർ വിളിച്ച് ചേർക്കേണ്ടതും പ്രസ്തുത യോഗത്തിൽ വെച്ച് പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, സെക്രട്ടറി, ജോയിന്റ് സെക്രട്ടറി, ഖജാൻജി, ഓഡിറ്റർ എന്നീ ഭാരവാഹികളെ ഭൂരിപക്ഷ

അഭിപ്രായ പ്രകാരം തെരഞ്ഞെടുക്കേണ്ടതും അപ്രകാരം വിളിച്ചു ചേർക്കുന്ന യോഗ നടപടികളുടെ മിനിറ്റ്സ് ദേവസ്വം മാനേജർ/ദേവസ്വം ഓഫീസർ/ജൂനിയർ ദേവസ്വം ഓഫീസർ എഴുതി സൂക്ഷിക്കേണ്ടതും, ദേവസ്വം ഫയലിൽ സൂക്ഷിക്കേണ്ടതുമാണ്.

**8. അംഗീകാരം**

ഉപദേശക സമിതിയിലേക്ക് തെരഞ്ഞെടുക്കപ്പെടുന്നവരുടെയും പിന്നീട് ചേർന്ന മിറ്റീംഗിൽ തെരഞ്ഞെടുക്കപ്പെട്ട ഔദ്യോഗിക അംഗങ്ങളേയും ചേർത്തുള്ള ഉപദേശക സമിതിയുടെ ലിസ്റ്റും രേഖകളും യോഗ നടപടികളുടെ മിനിറ്റ്സും ദേവസ്വം അസിസ്റ്റന്റ് കമ്മീഷ്ണറുടെ ശുപാർശയോടു കൂടി ഒരാഴ്ചയ്ക്കകം ദേവസ്വം കമ്മീഷ്ണർക്ക് സമർപ്പിക്കേണ്ടതും, ദേവസ്വം കമ്മീഷ്ണർ ഇത്തരം സമിതികൾക്ക് അംഗീകരിക്കപ്പെടാതിരിക്കാൻ തക്കതായ കാരണങ്ങൾ ഇല്ലെങ്കിൽ അന്തിമ അംഗീകാരം നൽകുന്നതുമാണ്. ഉപദേശക സമിതികളെ അംഗീകരിച്ചു കൊണ്ടുള്ള രജിസ്ട്രേഷൻ നമ്പർ സമിതികളുടെ എല്ലാ രശീതികളിലും കൂപ്പണുകളിലും, ലെറ്റർഹെഡ്ഡുകളിലും നിർബന്ധമായും രേഖപ്പെടുത്തിയിരിക്കേണ്ടതാണ്.

**9. ഔദ്യോഗിക അംഗങ്ങൾ**

ഓരോ ക്ഷേത്ര ഉപദേശക സമിതിയിലും അതാത് ക്ഷേത്രങ്ങളുടെ ചാർജ്ജുള്ള ദേവസ്വം മാനേജർ/ദേവസ്വം ഓഫീസർ/ജൂനിയർ ദേവസ്വം ഓഫീസറും ക്ഷേത്ര ജീവനക്കാരിൽ നിന്നുള്ള ഒരാളും അംഗങ്ങളായിരിക്കും.

കൂടാതെ ചോറ്റാനിക്കര ഭഗവതി ക്ഷേത്രം, തൃപ്പൂണിത്തുറ ശ്രീപൂർണ്ണത്രയീശ ക്ഷേത്രം, തൃശ്ശൂർ ശ്രീവടക്കുന്നാഥൻ ക്ഷേത്രം, തൃപ്രയാർ ശ്രീരാമസ്വാമി ക്ഷേത്രം, കൊടുങ്ങല്ലൂർ ശ്രീകുരുംബ ഭഗവതി ക്ഷേത്രം, തിരുവില്വാമല ശ്രീവില്വാദ്രിനാഥ ക്ഷേത്രം, എറണാകുളം ശിവക്ഷേത്രം എന്നീ ക്ഷേത്രങ്ങളിലെ ഉപദേശക സമിതിയിൽ അതാത് ഗ്രൂപ്പ് അസിസ്റ്റന്റ് കമ്മീഷ്ണർമാർ കൂടി എക്സ്-ഒഫീഷ്യോ അംഗങ്ങളായിരിക്കും. ഈ ക്ഷേത്രങ്ങളിലെ ക്ഷേത്രോപദേശകസമിതികളിൽ 22 അംഗങ്ങൾ ഉണ്ടായിരിക്കും.

**10. ഭാരവാഹികളും, ചുമതലയും**

**(1) പ്രസിഡന്റ്**

സമിതിയോഗങ്ങളിൽ അധ്യക്ഷം വഹിക്കുക, യോഗ നടപടികൾ രേഖപ്പെടുത്തിയ മിനിറ്റ്സിൽ ഒപ്പ് വച്ച് അംഗീകാരം നൽകുക, സമിതിയുടെ പേരിൽ പ്രസിഡന്റ് അഥവാ സെക്രട്ടറി, ഖജാൻജിയും കൂട്ടായി ഏതെങ്കിലും ഒരു ദേശസാൽകൃത/ഷെഡ്യൂൾഡ്/ സർവ്വീസ് സഹകരണ ബാങ്കിൽ അക്കൗണ്ട് തുറക്കുക, ദേവസ്വം ബോർഡിന്റെ നിർദ്ദേശങ്ങൾ അനുസരിച്ച് പ്രവർത്തിക്കുക, സമിതി ഉൾപ്പെട്ട പണപ്പിരിവ് സംബന്ധിച്ചുള്ള മേൽനോട്ടങ്ങൾ വഹിക്കുക, ഉപദേശക സമിതി ഫണ്ട് നിയമാനുസൃതവും ബോർഡ് അംഗീകരിക്കുന്ന കാര്യങ്ങൾക്ക് മാത്രം ചെലവാക്കുന്നുവെന്ന് ഉറപ്പ് വരുത്തുക, പണപ്പിരിവ് കഴിഞ്ഞാലുടൻ തുക

നിയമാനുസൃതം ജോയിന്റ് അക്കൗണ്ടിൽ നിക്ഷേപിക്കുന്നുവെന്ന് ഉറപ്പ് വരുത്തുക, ക്ഷേത്ര ഉന്നമനത്തിന് ഭക്തജന സൗകര്യാർത്ഥമുള്ള പദ്ധതികൾ ആവിഷ്കരിച്ച് ബോർഡിന്റെ അനുമതിയോടെ നടപ്പാക്കുന്നതിന് ഉപദേശക സമിതി അംഗങ്ങൾക്ക് വേണ്ട നിയന്ത്രണവും നിർദ്ദേശവും നൽകുക.

**(2). വൈസ് പ്രസിഡന്റ്**

സമിതിയോഗങ്ങൾ കൂടുമ്പോൾ പ്രസിഡന്റിന്റെ അഭാവത്തിൽ യോഗത്തിന് അധ്യക്ഷം വഹിക്കുക, യോഗ നടപടികൾ നിയന്ത്രിക്കുക, ആയതിന്റെ മിനിറ്റ്സ് ഒപ്പ് വെച്ച് അംഗീകരിക്കുക, ഉപദേശക സമിതി പ്രവർത്തനങ്ങളിൽ പ്രസിഡന്റിനെ സഹായിക്കുക.

**(3). സെക്രട്ടറി**

ക്ഷേത്ര ഉപദേശക സമിതിയുടെ ദൈനംദിന പ്രവർത്തനങ്ങൾ നടത്തുക, വരവുകൾക്ക് രസീതു കൊടുക്കുക, സമിതിയുടെ അംഗീകാരത്തിനു വിധേയമായി ചെലവുകൾ ചെയ്യുക, ചെലവുകൾക്ക് വൗച്ചറുകൾ സൂക്ഷിക്കുക, വരവ്-ചെലവ് കണക്കുകൾ സൂക്ഷിക്കുക, സമിതിയുടെ പേരിലുള്ള ബാങ്ക് അക്കൗണ്ട്, ചെക്ക് ബുക്ക്, മറ്റ് റിക്കാർഡുകൾ മുതലായവ സൂക്ഷിക്കുക, യോഗതീരുമാനങ്ങൾ മിനിറ്റ്സിൽ രേഖപ്പെടുത്തി പ്രസിഡന്റിന്റെ കയ്യൊപ്പ് വാങ്ങി സൂക്ഷിക്കുക, സമിതിയുടെ അംഗീകാരമുള്ള രേഖകൾ, നിർദ്ദേശങ്ങൾ, അറിയിപ്പുകൾ എന്നിവ ദേവസ്വം അധികൃതർ മുൻപാകെ സമർപ്പിക്കുക, സാമ്പത്തിക സമാഹരണവും മറ്റും നടത്തുന്നതിന് കൊച്ചിൻ ദേവസ്വം ബോർഡിന്റെ അനുമതി വാങ്ങിച്ച് ആവശ്യമായ കൂപ്പൺ തയ്യാറാക്കി ദേവസ്വം മാനേജർ/ദേവസ്വം ഓഫീസർ/ജൂനിയർ ദേവസ്വം ഓഫീസറുടേയും പക്കൽ നിന്നും ഓഫീസ് മുദ്ര വെപ്പിച്ച് സൂക്ഷിക്കുകയും അതിന്റെ ഉപയോഗം നിയന്ത്രിക്കുകയും ചെയ്യുക, പണപ്പിരിവുകളുടേയും വരവ്-ചെലവുകളുടേയും കണക്കുകൾ ഓഡിറ്റ് നടത്തി ബോർഡ് അധികൃതർ മുൻപാകെ ഹാജരാക്കുക, സമിതിയുടെ റിക്കാർഡുകൾ സൂക്ഷിക്കുക, സമിതി നിർദ്ദേശിക്കുന്നതും, ദേവസ്വം ബോർഡ് നിശ്ചയിക്കുന്നതുമായ യോഗങ്ങളിൽ സമിതിയെ പ്രതിനിധീകരിക്കുക, പ്രസിഡന്റിന്റെ നിർദ്ദേശാനുസരണം സമിതി യോഗങ്ങൾ വിളിച്ച് കൂട്ടുക. ഓരോ സമിതിയും കാലാവധി പൂർത്തിയാകുന്ന സമയം പുതിയതായി രൂപീകരിച്ച സമിതിക്ക് സമിതിയുടെ പക്കലുള്ള സ്ഥാവരജംഗമവസ്തുക്കളും, രേഖകളും, പണവും ദേവസ്വം ഓഫീസറുടെ സാന്നിദ്ധ്യത്തിൽ കൈമാറേണ്ടതാണ്. ഇപ്രകാരം സമിതി രൂപീകരണം നടക്കാത്ത സന്ദർഭത്തിൽ ഒഴിവാക്കുന്ന/കാലാവധി തീരുന്ന മുറയ്ക്ക് സമിതി എല്ലാ സാധന സാമഗ്രികളും രേഖകളും പണവും സ്ഥലം ദേവസ്വം ഓഫീസർക്ക് രേഖാ മൂലം കൈമാറേണ്ടതാണ്. ഇപ്രകാരം പ്രവർത്തിക്കാത്ത സമിതികൾക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുന്നതിന് കൊച്ചിൻ ദേവസ്വം ബോർഡിന് അധികാരം ഉണ്ടായിരിക്കും.

**(4). ജോയിന്റ് സെക്രട്ടറി**

സെക്രട്ടറിയുടെ അഭാവത്തിൽ സെക്രട്ടറിയുടെ എല്ലാ ചുമതലകളും ജോയിന്റ് സെക്രട്ടറി നിർവ്വഹിക്കേണ്ടതാണ്.

**(5). ഖജാൻജി**

സമിതിക്ക് വേണ്ടി സമിതി സെക്രട്ടറി, ട്രഷറർ എന്നിവരുടെ പേരിൽ ജോയിന്റ് അക്കൗണ്ട് തുടങ്ങുക, നിശ്ചിത ചട്ടങ്ങൾക്കായി സമാഹരിക്കുന്ന പണം അപ്പപ്പോൾ അക്കൗണ്ടിൽ നിക്ഷേപിക്കുന്നുവെന്ന് ഉറപ്പ് വരുത്തുക, വരവ്-ചെലവുകൾക്ക് വൗച്ചറുകൾ സൂക്ഷിക്കുന്നുവെന്നും, കണക്കുകൾ കൃത്യമായി രേഖപ്പെടുത്തി വെയ്ക്കുന്നുവെന്നും ഉപയോഗിച്ച രശീതികളുടെ കൗണ്ടർഫോയിലുകളും ഉപയോഗിക്കാത്ത രശീതികളും പ്രത്യേകം സൂക്ഷിക്കുന്നുവെന്നും ഉറപ്പ് വരുത്തുക, ഉപദേശക സമിതിയുടെ അംഗീകാരത്തോടുകൂടിയും പ്രസിഡന്റ്, സെക്രട്ടറി എന്നിവരുടെ അറിവോടുകൂടിയുമാണ് വരവ്-ചെലവുകൾ നടത്തുന്നതെന്ന് ഉറപ്പ് വരുത്തുക, അടിയന്തിര ഘട്ടങ്ങളിൽ ഉപയോഗിക്കുന്നതിന് സമിതിയുടെ തീരുമാനത്തിന് വിധേയമായി രണ്ടായിരം ഉറുപ്പികയിൽ കവിയാത്ത തുക കൈവശം വയ്ക്കുക. എന്നാൽ മരാമത്ത് പണികളും ഉത്സവങ്ങളും നടക്കുന്ന സമയങ്ങളിൽ 15,000/- രൂപ വരെയും, സമിതിയുടെ തീരുമാനത്തിന് വിധേയമായി കൈവശം വെയ്ക്കാവുന്നതാണ്. 5000/- രൂപയ്ക്ക് മീതെയുള്ള തുകകൾ പ്രസിഡന്റിന്റെ അനുമതിയോടെ പിൻവലിക്കേണ്ടതുമാണ്.

**(6) ഓഡിറ്റർ**

സമിതിയുടെ വാർഷിക കണക്കുകളും ബന്ധപ്പെട്ട രേഖകളും മറ്റും പരിശോധിച്ച് ഓഡിറ്റ് ചെയ്യേണ്ടതും സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. വാർഷിക വരവ്-ചെലവ് ഒരു ലക്ഷത്തിൽ കൂടുതൽ വരുന്ന സമിതികളുടെ കണക്കുകൾ സമിതി ഓഡിറ്റർ പരിശോധിക്കുന്നതിനു പുറമെ ചാർട്ടേഡ് അക്കൗണ്ടന്റിനെ കൊണ്ട് പരിശോധിപ്പിച്ചും, ഒരു ലക്ഷത്തിനു താഴെ വാർഷിക വരവ്-ചെലവ് വരുന്ന സമിതികളുടെ കണക്കുകൾ സമിതിയുടെ ഓഡിറ്റർ പരിശോധിച്ചും ദേവസ്വം ഓഫീസർ, അസിസ്റ്റന്റ് കമ്മീഷ്ണർ മുഖാന്തിരം ബോർഡിലേക്ക് ഹാജരാക്കേണ്ടതുമാണ്. വാർഷിക കണക്കുകൾ വർഷാവസാനം കൊച്ചിൻ ദേവസ്വം ബോർഡ് ഓഫീസിൽ സമർപ്പിക്കേണ്ടതും, ക്ഷേത്രത്തിലെ നോട്ടീസ് ബോർഡിൽ പ്രസിദ്ധീകരിക്കേണ്ടതുമാണ്.

**11. ക്വാറം**

ഓരോ ഉപദേശകസമിതിയുടേയും ക്വാറം കമ്മിറ്റി അംഗങ്ങളിലെ മൂന്നിൽ ഒന്ന് അംഗങ്ങളായിരിക്കുന്നതാണ്. പ്രസിഡന്റിന്റെയും, വൈസ് പ്രസിഡന്റിന്റെയും അഭാവത്തിൽ ഭൂരിപക്ഷം അംഗങ്ങൾ അംഗീകരിക്കുന്ന ഒരംഗം അധ്യക്ഷത വഹിക്കേണ്ടതാണ്. ഓഡിറ്റർ ക്വാറത്തിന്റെ പരിധിയിൽ വരുന്നതല്ല.

**12. തീരുമാനങ്ങൾ**

ഉപദേശക സമിതിയുടെ തീരുമാനങ്ങൾ യോഗത്തിൽ ഹാജരാകുന്ന ഭൂരിപക്ഷ അംഗങ്ങളുടെ തീരുമാന പ്രകാരം ആയിരിക്കേണ്ടതാണ്.

**13. കാലാവധി**

ക്ഷേത്ര ഉപദേശക സമിതിയുടെ പ്രവർത്തനകാലാവധി, സമിതിയെ കൊച്ചിൻ ദേവസ്വം ബോർഡ് അംഗീകരിച്ച തിയ്യതി മുതൽ രണ്ടു വർഷക്കാലമായിരിക്കും. എന്നാൽ ചില വികസനപ്രവർത്തനങ്ങളുടെ പേരിലോ, ചില ഒഴിച്ചു കൂടാൻ ആകാത്ത ചടങ്ങുകളുടെ പേരിലോ ഉപദേശക സമിതിയുടെ കാലാവധി പരമാവധി ഒരു വർഷം കൂടി ദീർഘിപ്പിച്ച് നൽകുവാൻ ദേവസ്വം ബോർഡിന് അധികാരമുണ്ടായിരിക്കുന്നതാണ്. എന്നാൽ രണ്ട് വിഭാഗങ്ങളിൽ കൂടി ആയാൽ പോലും ഉപദേശക സമിതിയുടെ കാലാവധി മൂന്ന് വർഷത്തിൽ കൂടുതൽ ദീർഘിപ്പിച്ച് നൽകുവാൻ പാടില്ല. തുടർച്ചയായി രണ്ട് ഘട്ടം ഉപദേശക സമിതിയിൽ ഔദ്യോഗിക സ്ഥാനം വഹിച്ചവർ തൊട്ടടുത്ത കമ്മിറ്റിയിൽ ഔദ്യോഗിക ഭാരവാഹികളാകുവാൻ പാടുള്ളതല്ല. കമ്മിറ്റി മെമ്പറായി തുടരുന്നതിന് അർഹതയുണ്ടായിരിക്കും.

**14. ദേവസ്വം ബോർഡിന്റെ അധികാര അവകാശങ്ങൾ**

സമിതികൾ ടി ദേവസ്വത്തിലെ ദേവസ്വം ഓഫീസറുടെ നിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവർത്തിക്കേണ്ടതാണ്. ഉപദേശക സമിതിയുടെ കാലാവധി നിശ്ചയിക്കാനും, വ്യക്തമായ കാരണങ്ങളുടെ അടിസ്ഥാനത്തിൽ അംഗങ്ങളെ സമിതിയിൽ നിന്ന് നീക്കം ചെയ്യുന്നതിനും അധികാരം ദേവസ്വം കമ്മീഷ്ണർക്ക് ഉണ്ടായിരിക്കുന്നതാണ്. ഉപദേശക സമിതിയുടെ പ്രവർത്തനങ്ങൾ ക്ഷേത്രത്തിന്റെയും, ഹിന്ദുമത വിശ്വാസത്തിന്റെയും, ദേവസ്വം ബോർഡിന്റെ ക്ഷേത്രക്ഷേമ താൽപര്യങ്ങൾക്ക് വിരുദ്ധമായി വരുന്ന അവസരത്തിലും, വ്യക്തമായ സാമ്പത്തിക ക്രമക്കേടുകൾ കാണുന്ന അവസരത്തിലും ദേവസ്വം ബോർഡിന്റെ ക്ഷേത്രക്ഷേമ നയങ്ങൾക്കും ഭരണത്തിനും അകാരണമായ തടസ്സങ്ങൾ സൃഷ്ടിക്കുകയോ, ഉദ്യോഗസ്ഥരുടെ കൃത്യനിർവ്വഹണത്തിന് അകാരണമായ തടസ്സങ്ങൾ സൃഷ്ടിക്കുകയോ ചെയ്യുന്ന അവസരങ്ങളിലും സമിതിയെ കാരണം കാണിക്കൽ നോട്ടീസ് നൽകി നീക്കം ചെയ്യുന്നതിന് ദേവസ്വം കമ്മീഷ്ണർക്ക് പരിപൂർണ്ണ അധികാരം ഉണ്ടായിരിക്കുന്നതാണ്. ക്ഷേത്ര ഉപദേശക സമിതികൾ ക്ഷേത്രത്തിൽ നടത്തുന്ന എല്ലാ പ്രവൃത്തികൾക്കും മരാമത്തു പണികൾക്കും ബോർഡിന്റെ അംഗീകാരം വാങ്ങണം.

**15. അപ്പീൽ തീർപ്പ്**

ദേവസ്വം കമ്മീഷ്ണറുടെ കമ്മിറ്റിയുടെ മേലുള്ള നടപടികൾ സംബന്ധിച്ച് തർക്കമുള്ള പക്ഷം സമിതിക്ക് ബോർഡ് മുമ്പാകെ അപ്പീൽ സമർപ്പിക്കാവുന്നതും

അപ്പീലിന്മേൽ ബോർഡ് കൈക്കൊള്ളുന്ന തീരുമാനം ബഹു.ഹൈക്കോടതി വിധിക്ക് വിധേയമായി അന്തിമമായിരിക്കുന്നതുമാണ്.

**16. മറ്റ് തർക്കങ്ങൾ**

ക്ഷേത്ര ഉപദേശസമിതിയിലെ അംഗങ്ങൾ തമ്മിലോ, കൂട്ടായോ, ദേവസ്വം ഉദ്യോഗസ്ഥരുമായിട്ടോ മറ്റേതെങ്കിലും വിധത്തിലോ ഉണ്ടാകുന്ന ക്ഷേത്ര സംബന്ധമായ എല്ലാവിധ തർക്കങ്ങളിന്മേലും ദേവസ്വം കമ്മീഷ്ണർ തീരുമാനം കൈക്കൊള്ളുന്നതാണ്. ദേവസ്വം കമ്മീഷ്ണറുടെ തീരുമാനത്തിൽ ബോർഡ് മുമ്പാകെ അപ്പീലിന് അർഹതയുണ്ടായിരിക്കും.

**17. യോഗം**

സമിതി യോഗം ചുരുങ്ങിയത് മാസത്തിലൊരിക്കലെങ്കിലും കൂടേണ്ടതാണ്. ഇത് വിളിച്ച് ചേർക്കേണ്ട ചുമതല സെക്രട്ടറിക്കാണ്. സമിതി യോഗങ്ങൾ മുൻകൂട്ടി സ്ഥലം ദേവസ്വം മാനേജർ/ദേവസ്വം ഓഫീസർ/ ജൂനിയർ ദേവസ്വം ഓഫീസർമാരെ രേഖാമൂലം അറിയിക്കേണ്ടതും യോഗങ്ങളുടെ വിവരം നോട്ടീസ് ബോർഡിൽ ചുരുങ്ങിയത് 3 ദിവസം മുമ്പെങ്കിലും പ്രസിദ്ധപ്പെടുത്തേണ്ടതാണ്. ചില പ്രത്യേക സാഹചര്യങ്ങളിൽ അസാധാരണ യോഗങ്ങൾ വിളിച്ചു കൂട്ടുന്നതിന് പ്രസിഡന്റിനും അധികാരമുണ്ടായിരിക്കുന്നതാണ്. ഉപദേശക സമിതിയുടെ അംഗീകാരമില്ലാതെ ഏതെങ്കിലും അംഗം തുടർച്ചയായി മൂന്നു സമിതി യോഗങ്ങളിൽ പങ്കെടുക്കാതിരിക്കുന്ന പക്ഷം അത്തരം അംഗങ്ങളുടെ സ്ഥാനം സ്വയം ഒഴിഞ്ഞു പോകുന്നതും, പകരം ദേവസ്വം ഓഫീസറുടെ അനുമതിയോടെ ഒഴിവിലേയ്ക്ക് പുതിയ അംഗത്തിനെ ഉൾപ്പെടുത്താവുന്നതുമാണ്. ആയതിന് സ്പെഷ്യൽ ദേവസ്വം കമ്മീഷ്ണറിൽ നിന്നും അംഗീകാരം വാങ്ങേണ്ടതുമാണ്. ക്വാറം തികയാതെ കമ്മിറ്റി യോഗം കൂടുവാൻ പാടില്ലാത്തതും, വ്യക്തമായ അജണ്ട മുൻകൂട്ടി തയ്യാറാക്കി മാത്രം യോഗം കൂടേണ്ടതും അജണ്ട കമ്മിറ്റി അംഗങ്ങളെ മുൻകൂട്ടി അറിയിക്കേണ്ടതുമാണ്. ദേവസ്വം ബോർഡ് അംഗീകരിച്ച മരാമത്ത് പണികൾക്കു മാത്രമേ ഇത്തരം യോഗത്തിൽ അംഗീകാരം നൽകുവാൻ പാടുള്ളു.

**18. യോഗസ്ഥലം**

ക്ഷേത്ര ഉപദേശക സമിതിയുടെ യോഗം അതാത് ക്ഷേത്രങ്ങളുടെ ഓഫീസിലോ സമിതി ഓഫീസിലോ, ഊട്ടുപുരയിലോ ക്ഷേത്ര പരിസരത്തോ വെച്ച് കൂടാവുന്നതാണ്.

**19. മിനിറ്റ്സ്**

ഉപദേശക സമിതി യോഗത്തിന്റെ മിനിറ്റ്സ് സെക്രട്ടറി രേഖപ്പെടുത്തി പ്രസിഡന്റിന്റെ കൈയ്യൊപ്പോടുകൂടി സൂക്ഷിക്കേണ്ടതും പകർപ്പുകൾ ഒരാഴ്ചക്കകം ദേവസ്വം ഓഫീസർക്ക് നൽകേണ്ടതുമാണ്.

**20. നിരോധനം**

ക്ഷേത്ര ഉപദേശക സമിതിയോ, അംഗങ്ങളോ ക്ഷേത്ര സന്ദർശകരിൽ നിന്നും ക്ഷേത്രത്തിനുള്ളിൽ വെച്ച് ബോർഡിന്റെ മുൻകൂർ അനുമതിയില്ലാതെ യാതൊരു പണപിരിവുകളും നടത്തുവാൻ പാടില്ല.

ക്ഷേത്ര ഉപദേശക സമിതിയുടെ മീറ്റിംഗുകൾക്ക് പങ്കെടുക്കുന്ന സമയം അംഗങ്ങൾ മദ്യപിച്ചിരുന്നതായി കണ്ടെത്തിയാൽ ടിയാനെ കമ്മറ്റിയിൽ നിന്നും പുറത്താക്കാവുന്നതാണ്. ആയത് അംഗത്വത്തിനുള്ള അയോഗ്യതയായി കണക്കാക്കാവുന്നതാണ്. ക്ഷേത്ര ഉപദേശക സമിതിയുടെ പേരിൽ ഒന്നിൽ കൂടുതൽ ബാങ്ക് അക്കൗണ്ട് പാടില്ലാത്തതാണ്. ക്ഷേത്ര ഉപദേശക സമിതിയുടെ നേതൃത്വത്തിൽ നടത്തുന്ന പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കും, ഉത്സവാഘോഷങ്ങൾക്കും ആവശ്യമെങ്കിൽ പ്രത്യേകം ഉപസമിതികൾ ദേവസ്വം ബോർഡിന്റെ അംഗീകാരത്തോടെ ഉപദേശക സമിതിക്ക് രൂപീകരിക്കാവുന്നതാണ്. എന്നാൽ ഇപ്രകാരം രൂപീകരിക്കുന്ന ഉപസമിതികളുടെ പണസംബന്ധമായ എല്ലാ ഇടപാടുകളും ഉപദേശക സമിതി മുഖാന്തിരമായിരിക്കും. ക്ഷേത്ര ഉപദേശക സമിതിയുടെ പേരിൽ മാത്രമെ ബാങ്ക് അക്കൗണ്ട് വഴി പണം കൈകാര്യം ചെയ്യാൻ പാടുള്ളൂ. ക്ഷേത്ര ഉപദേശക സമിതിയുടെ ചുമതലയിൽ ക്ഷേത്രത്തിനുള്ളിൽ നടക്കുന്ന ചടങ്ങുകളുടെ വേദികളിൽ പണം സമാഹരിക്കുന്നത് ഭണ്ഡാരങ്ങളോ, പാത്രങ്ങളോ വെയ്ക്കുവാൻ പാടില്ലാത്തതാണ്. വഴിപാട് ഇനത്തിൽ ദേവസ്വത്തിലേയ്ക്ക് പിരിവെടുത്ത് വരേണ്ടതായ യാതൊരുവിധ വഴിപാടുകളുടെ പേരിലും പണം പിരിക്കുന്നതിനോ, ക്ഷേത്രങ്ങളിൽ സമാന്തര വഴിപാടുകൾ നടത്തുന്നതിനോ ഉപദേശക സമിതിക്ക് അധികാരം ഉണ്ടായിരിക്കുകയില്ല. അത്തരം അനധികൃത പണ പിരിവുകൾ പ്രതിപാദിക്കുന്ന സാമ്പത്തിക ക്രമക്കേടുകളായി കണക്കാക്കുന്നതാണ്. ക്ഷേത്ര വികസന കാര്യങ്ങൾക്ക് വേണ്ടി കൊച്ചിൻ ദേവസ്വം ബോർഡ് അനുവാദത്തോടുകൂടി കൂപ്പണുകൾ അച്ചടിക്കുമ്പോൾ നിശ്ചിത തുക രേഖപ്പെടുത്തിയ കൂപ്പണുകൾ മാത്രമേ അച്ചടിക്കാൻ പാടുള്ളൂ. രശീതുകൾ/കൂപ്പണുകൾ ഉപയോഗിക്കുന്ന സാഹചര്യത്തിൽ ദേവസ്വം ഓഫീസിന്റെ മുദ്ര പതിപ്പിക്കാത്ത രശീതുകൾ/ കൂപ്പണുകൾ ഒരു കാരണവശാലും പണപ്പിരിവിന് ഉപയോഗിക്കാൻ പാടില്ല. ഡ്യൂപ്ലിക്കേറ്റ് രശീതികൾ ഉൾപ്പെടെ രശീതി പുസ്തകങ്ങൾ മാത്രമേ സമിതി ഉപയോഗിക്കാൻ പാടുള്ളൂ. ഇതിന് വിരുദ്ധമായി കാണുന്ന കാര്യങ്ങളിൽ നിലവിലുള്ള നിയമങ്ങൾ അനുസരിച്ച് സാമ്പത്തിക ക്രമക്കേടായി പരിഗണിച്ച് കർശന നടപടികൾ സ്വീകരിക്കാനുള്ള അധികാരം ബോർഡിൽ നിക്ഷിപ്തമായിരിക്കും.

**21. സാമ്പത്തിക ബാദ്ധ്യതകൾ**

ക്ഷേത്രോപദേശക സമിതിയുടെ പ്രവർത്തനം മൂലം ഉണ്ടാകുന്ന സാമ്പത്തിക ബാദ്ധ്യതകൾക്ക് കൊച്ചിൻ ദേവസ്വം ബോർഡ് യാതൊരുവിധത്തിലും

ഉത്തരവാദിയായിരിക്കുന്നതല്ല. ആയത് സമിതിയുടെ കൂട്ടായ ബാദ്ധ്യതയായിരിക്കും. ദേവസ്വം ബോർഡിന്റെ അനുവാദത്തോടെയും, സാമ്പത്തിക സഹായം മുൻകൂറായി അനുവദിച്ചതിന്റേയും അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന സന്ദർഭങ്ങളിൽ മാത്രമേ അനുവദിച്ച സാമ്പത്തിക സഹായത്തിന് അർഹത ഉണ്ടായിരിക്കുകയുള്ളൂ. സാമ്പത്തിക സഹായം ആവശ്യമായ പ്രവർത്തനങ്ങൾക്ക് ബോർഡിൽ നിന്നും മുൻകൂർ അനുവാദം വാങ്ങേണ്ടതാണ്.

**22. വ്യാപ്തി/അധികാരം**

ക്ഷേത്ര ഉപദേശക സമിതി ആദായം ഉണ്ടാക്കുവാൻ ഉദ്ദേശിച്ചിട്ടുള്ളതല്ല. ക്ഷേത്രോപദേശക സമിതി ഭക്തജനങ്ങൾക്കും സന്ദർശകർക്കും ഈശ്വര വിശ്വാസികൾക്കും ക്ഷേത്രദർശനത്തിന് കൂടുതൽ സഹായ സൗകര്യങ്ങൾ ചെയ്യുന്നതിനും ഉത്സവാദി ചടങ്ങുകൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും സനാതന ധർമ്മങ്ങൾ, ആത്മീയകാര്യങ്ങൾ എന്നിവ പ്രചരിപ്പിക്കുന്നതിനും വേണ്ടി ദേവസ്വം ബോർഡിനെ സഹായിക്കുന്നതിനുമായി പ്രവർത്തിക്കേണ്ടതാണ്. ക്ഷേത്രത്തിൽ ബോർഡ് അധികാരപ്പെടുത്തിയിട്ടുള്ള ദേവസ്വം ഉദ്യോഗസ്ഥർ മുഖാന്തിരം അസിസ്റ്റന്റ് കമ്മീഷ്ണർ അനുവദിക്കുന്ന അഥവാ നിർദ്ദേശിക്കുന്ന കാര്യങ്ങൾ മാത്രമേ ഉപദേശക സമിതി ചെയ്യാവൂ. യാതൊരു അംഗത്തിനും ക്ഷേത്രദർശനത്തിനുൾപ്പെടെ പ്രത്യേകാധികാരങ്ങളൊ അവകാശങ്ങളൊ ഇല്ലാത്തതാകുന്നു. ദേവസ്വത്തിലെ ദൈനംദിന കാര്യത്തിലോ ക്ഷേത്ര ജീവനക്കാരുടെ മേലോ നിയന്ത്രണങ്ങൾ ഏർപ്പെടുത്താൻ സമിതിക്കോ സമിതിയിലെ അംഗങ്ങൾക്കോ യാതൊരു അധികാരവും ഉണ്ടായിരിക്കുന്നതല്ല. അങ്ങിനെ ചെയ്യുന്നത് അവരുടെ അയോഗ്യതയായി കണക്കാക്കുന്നതാണ്. ക്ഷേത്രത്തിലെ ദൈനംദിന കാര്യങ്ങളെ സംബന്ധിച്ചോ ക്ഷേത്ര ജീവനക്കാരെ കുറിച്ചോ എന്തെങ്കിലും പരാതി ഉപദേശക സമിതിയ്ക്കുണ്ടെങ്കിൽ ആയത് ബന്ധപ്പെട്ട ദേവസ്വം ഓഫീസർ/ അസിസ്റ്റന്റ് കമ്മീഷ്ണർ വഴി പരിഹരിക്കേണ്ടതും അങ്ങിനെ പരിഹാരമുണ്ടാകാത്ത കാര്യങ്ങൾ മാത്രം ദേവസ്വം കമ്മീഷ്ണറുടെ ശ്രദ്ധയിൽ കൊണ്ടു വരേണ്ടതുമാണ്. പ്രസ്തുത വിഷയത്തിൽ കമ്മീഷ്ണറുടെ തീരുമാനം അന്തിമമായിരിക്കുന്നതുമാണ്. ക്ഷേത്രങ്ങളിൽ ഏതു തരം വഴിപാടുകളായാലും ക്ഷേത്രാചാര പ്രകാരം നടത്തുന്നതിനുള്ള അധികാരം ദേവസ്വം ബോർഡിൽ മാത്രം നിക്ഷിപ്തമായിരിക്കും. ക്ഷേത്രത്തിന്റെ പേരിൽ പിരിക്കുന്ന ഏതു സംഖ്യയും ദേവസ്വം പണമായി കണക്കാക്കി പ്രസ്തുത ക്ഷേത്രാവശ്യങ്ങൾക്ക് മുൻഗണന നൽകി കൈകാര്യം ചെയ്യുന്നതിന് ദേവസ്വം ബോർഡിന് പൂർണ്ണ അധികാരം ഉണ്ടായിരിക്കും. തക്കതായ സാമ്പത്തിക ക്രമക്കേട് കണ്ടാൽ സമിതിയുടെ ബാങ്ക് അക്കൗണ്ട് മരവിപ്പിക്കുന്നതിനുള്ള അധികാരവും ദേവസ്വം ബോർഡിൽ നിക്ഷിപ്തമായിരിക്കും.

**23. ആസ്തികൾ**

ഉപദേശക സമിതികൾ സ്വയം പിരിഞ്ഞു പോകുകയോ, പിരിച്ചു വിടുകയോ ചെയ്യുമ്പോൾ ഉപദേശക സമിതികൾ പ്രവർത്തന രഹിതമായി തീരുമ്പോഴോ, പ്രവർത്തന കാലാവധി അവസാനിക്കുമ്പോഴോ കമ്മിറ്റിയുടെ ആസ്തികളും ധനനിക്ഷേപങ്ങളും കൊച്ചിൻ ദേവസ്വം ബോർഡ് ഫണ്ടിന്റെ ഭാഗമായി തീരുന്നതാണ്. പ്രസ്തുത നിക്ഷേപങ്ങൾ അതാതു ക്ഷേത്രത്തിന്റെ ആവശ്യത്തിനു മാത്രം പിൻവലിക്കുന്നതിന് ദേവസ്വം കമ്മീഷ്ണർക്ക് അധികാരമുണ്ടായിരിക്കുന്നതാണ്. ഇപ്രകാരമുള്ള ആസ്തികളും, നിക്ഷേപങ്ങളും അതാത് ക്ഷേത്രങ്ങളുടെ അഭിവൃദ്ധിക്കുവേണ്ടി ഉപയോഗപ്പെടുത്തേണ്ടതാണ്. ക്ഷേത്ര ഉപദേശക സമിതികളുടെ കൈവശമുള്ള ഏതൊരു സ്ഥാവര ജംഗമ സ്വത്തുക്കൾക്കും (ഇളകുന്നതും, ഇളകാത്തതും) അവകാശം ട്രസ്റ്റി എന്ന നിലയിൽ ദേവസ്വം ബോർഡിനു മാത്രമായിരിക്കും. അത് മറ്റാർക്കെങ്കിലും കൈമാറ്റം ചെയ്യുന്നതിനോ, വിൽപ്പന നടത്തുന്നതിനോ സമിതിക്ക് അധികാരം ഉണ്ടായിരിക്കുന്നതല്ല. പ്രസ്തുത വസ്തുക്കൾ അതാതു സമയത്തു തന്നെ ദേവസ്വം ഓഫീസർക്ക് കൈമാറേണ്ടതും സമിതിയുടെ ഉപയോഗത്തിന് ആവശ്യമുള്ളതാണെങ്കിൽ രേഖാമൂലം തിരികെ വാങ്ങി ഉപയോഗിക്കേണ്ടതും സൂക്ഷിക്കേണ്ടതുമാണ്. ഭക്തജനങ്ങളിൽ നിന്നും പണപ്പിരിവു നടത്തി ഉപദേശക സമിതികൾ വാങ്ങുന്ന ഇളകാത്ത മുതലുകൾ ദേവസ്വത്തിന്റെ പേരിൽ മാത്രം വാങ്ങേണ്ടതും, ദേവസ്വം ബോർഡ് സെക്രട്ടറിയുടെ പേരിൽ മാത്രം രജിസ്റ്റർ ചെയ്യേണ്ടതുമാണ്.

**24. രജിസ്റ്ററുകൾ**

താഴെ പറയുന്ന രജിസ്റ്ററുകൾ നിർബന്ധമായും സമിതി സൂക്ഷിക്കേണ്ടതാണ്.

1. മിനിറ്റ്സ് ബുക്ക്
2. ക്യാഷ് ബുക്ക്
3. രശീതി ബുക്ക്
4. രശീതി സ്റ്റോക്ക് രജിസ്റ്റർ
5. വൗച്ചറുകൾ
6. ലഡ്ജർ (വരവിനത്തിന്)
7. ലഡ്ജർ (ചിലവിനത്തിന്)
8. ചെക്ക് രജിസ്റ്റർ
9. ചെക്ക് സ്റ്റോക്ക് രജിസ്റ്റർ
10. ബാങ്ക് പാസ്ബുക്ക്
11. ഫർണീച്ചർ രജിസ്റ്റർ
12. ബാലൻസ് ഷീറ്റ്

**25. ജനറൽ**

കൊച്ചിൻ ദേവസ്വം ബോർഡിന്റെ ഭരണാധികാരത്തെയും നിയന്ത്രണാധികാരത്തെയും സമിതിക്കോ സമിതിയിലെ അംഗങ്ങൾക്കോ ചോദ്യം ചെയ്യാൻ യാതൊരു അവകാശവും ഉണ്ടായിരിക്കുന്നതല്ല. ദേവസ്വം ബോർഡ് ഭരണത്തിലുള്ള ക്ഷേത്രത്തിലെ ഉപദേശക സമിതിയിൽ ഭാരവാഹിത്വത്തിൽ ഉള്ള ഒരാൾ അതേ കാലഘട്ടത്തിൽ മറ്റേതെങ്കിലും ക്ഷേത്രങ്ങളിൽ അതായത് ദേവസ്വം ബോർഡിന്റെ തന്നെ മറ്റു ക്ഷേത്രങ്ങളിലേയോ കൺട്രോൾ സ്ഥാപനത്തിന്റേയോ അല്ലെങ്കിൽ മറ്റേതെങ്കിലും ക്ഷേത്രത്തിന്റേയോ ഉപദേശക സമിതികളിലോ, ക്ഷേമ സമിതികളിലോ ഭാരവാഹി ആകുവാൻ പാടുള്ളതല്ല. ക്ഷേത്രങ്ങളിലെ മരാമത്ത് പണികൾക്കും ഉത്സവങ്ങൾ നടത്തുന്നതിനും മറ്റും ബോർഡിന്റെ സാമ്പത്തികസ്ഥിതിയനുസരിച്ച് ധനസഹായങ്ങൾ നൽകുന്നതും പോരാതെ വരുന്ന സംഖ്യകൾ ഉപദേശക സമിതി സമാഹരിച്ച് ദേവസ്വം ബോർഡിന് സഹായകരമായ രീതിയിൽ പ്രവർത്തിക്കുക എന്നതാണ് ക്ഷേത്ര ഉപദേശക സമിതി എന്നതുകൊണ്ട് ലക്ഷ്യമിടുന്നത്. ക്ഷേത്ര ഉപദേശക സമിതി അംഗങ്ങൾ ഈ ക്ഷേത്രത്തിന്റെ പേരിൽ മറ്റു ട്രസ്റ്റുകൾ ഉണ്ടാക്കുവാൻ പാടില്ല. ക്ഷേത്രത്തിൽ സമിതി നടത്തുന്ന ഉത്സവാദികളുടെയും നിർമ്മാണ പ്രവർത്തനങ്ങളുടേയും ഓഡിറ്റു ചെയ്ത അക്കൗണ്ടുകൾ ഉത്സവങ്ങളോ, നിർമ്മാണ പ്രവർത്തനങ്ങളോ കഴിഞ്ഞ് 2 മാസത്തിനുള്ളിൽ നിശ്ചയമായും ദേവസ്വം ഓഫീസർക്ക് സമർപ്പിക്കേണ്ടതാണ്. ഒരു പ്രത്യേക ആവശ്യത്തിനായി പിരിവെടുക്കുന്ന തുക ആ ആവശ്യം കഴിഞ്ഞ് ബാക്കി വരുന്ന തുക അതാത് ക്ഷേത്രത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് ബോർഡിന്റെ മുൻകൂർ അനുമതിയോടുകൂടി ഉപയോഗിക്കാവുന്നതാണ്. ക്ഷേത്ര ഉപദേശക സമിതിയുടെ വാർഷിക കണക്കുകൾ ഓഡിറ്റ് ചെയ്ത് ജനറൽ ബോഡി അംഗീകരിക്കേണ്ടതും ബോർഡ് മുമ്പാകെ സമർപ്പിക്കേണ്ടതുമാണ്. ടി കണക്കിൽ എത്ര സംഖ്യ ആർഭാടമായ ആഘോഷങ്ങൾക്ക് ചെലവാക്കി എന്നും എത്ര സംഖ്യ ക്ഷേത്ര വികസനത്തിന് ചെലവാക്കി എന്നും പ്രത്യേകം കാണിക്കേണ്ടതും പുതിയ വർഷത്തിൽ ബോർഡ് സംഭാവന നിശ്ചയിക്കുന്നത് ആയതിന്റെ അടിസ്ഥാനത്തിലും ആയിരിക്കും. 25% സംഖ്യ ക്ഷേത്രവികസനത്തിനു ചിലവാക്കിയിട്ടില്ലെങ്കിൽ ടി സമിതികളെ പിരിച്ചു വിടാൻ ബോർഡിന് അധികാരമുണ്ടായിരിക്കും. ബോർഡ് നൽകുന്ന സംഭാവന വരവ്-ചിലവ് കണക്കിൽ പ്രത്യേകം കാണിക്കേണ്ടതാണ്. ക്ഷേത്രസ്വത്തുക്കൾ അന്യാധീനപ്പെടാതിരിക്കാൻ വേണ്ടി നടപടികൾക്ക് ദേവസ്വം ബോർഡിനെ സഹായിക്കേണ്ടത് ഉപദേശക സമിതിയുടെ ചുമതലയാണ്. ക്ഷേത്ര സ്വത്ത് കയ്യേറ്റം സംബന്ധിച്ച് കേസുകൾ വരുമ്പോൾ ടി കേസുകളിൽ സമിതി നിർബന്ധമായും കക്ഷി ചേരേണ്ടതാണ്. ആയതിനുവേണ്ട അനുമതി സമയാസമയങ്ങളിൽ ബോർഡിൽ നിന്നും വാങ്ങേണ്ടതാണ്. ദേവസ്വം ഭൂമികൾ കൈയ്യേറി കൈവശം വെച്ചിരിക്കുന്നവരെ സമിതി അംഗത്വത്തിൽ നിന്നും ഒഴിവാക്കേണ്ടതാണ്. കൂടാതെ ക്ഷേത്ര ഉപദേശക സമിതിയുടെ കൈവശമുള്ള എല്ലാ വസ്തുവകകൾ വിൽക്കുന്നതോ വാടകയ്ക്ക് നൽകുന്നതോ

ദേവസ്വം ഓഫീസറുടെ അറിവോടുകൂടിയാകണം. ക്ഷേത്രോപദേശക സമിതിയോ അംഗങ്ങളോ ക്ഷേത്രസന്ദർശകരിൽ നിന്നും, പുറത്തു നിന്നും യാതൊരുവിധ പണപ്പിരിവുകൾ നടത്തുകയോ ആനുകൂല്യങ്ങൾ നേടുകയോ ചെയ്യാൻ പാടില്ലാത്തതാകുന്നു. എന്നാൽ ക്ഷേത്രവികസനത്തിനുവേണ്ടിയോ, ഭക്തജനങ്ങൾക്ക് മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുവേണ്ടിയോ, ഉത്സവാദി കാര്യങ്ങൾക്കു വേണ്ടിയോ പണപ്പിരിവ് നടത്തേണ്ടതാകുന്നുവെങ്കിൽ ആയതിന് കൊച്ചിൻ ദേവസ്വം ബോർഡിന്റെ മുൻകൂട്ടിയുള്ള അനുമതി വാങ്ങേണ്ടതും ദേവസ്വം ഓഫീസിന്റെ മുദ്ര പതിപ്പിച്ച രശീതുകൾ/ കൂപ്പണുകൾ എന്നിവ ഉപയോഗിക്കേണ്ടതും ആണ്. സമിതി പിരിവു നടത്തുന്നതിനായി ഉപയോഗിക്കുന്ന എല്ലാ രശീതികളിലും സമിതിയുടെ ശരിയായ അഡ്രസ്സും സീരിയൽ നമ്പറും അച്ചടിച്ചിട്ടുണ്ടായിരിക്കണം. രശീതികൾ അച്ചടിക്കേണ്ടത് കൂപ്പണുകളുടേയും രശീതി പുസ്തകങ്ങളുടേയും സ്റ്റോക്ക് രജിസ്റ്റർ എഴുതി ബന്ധപ്പെട്ട ദേവസ്വം ഓഫീസിൽ ഹാജരാക്കി സീൽ ചെയ്ത് വാങ്ങിയതിനുശേഷം മാത്രം ഉപയോഗിക്കേണ്ടതാണ്. സമിതി ഫണ്ട് ഉപയോഗിച്ചു നടത്തുന്ന എല്ലാ പർച്ചേയ്സുകൾക്കും മറ്റു ചിലവുകൾക്കും നിയമാനുസൃതം നടപടിക്രമങ്ങളും വ്യവസ്ഥകളും നിർബന്ധമായും പാലിക്കേണ്ടതാണ്. ഉത്സവങ്ങൾ മറ്റു ആഘോഷങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട് ക്ഷേത്ര ഉപദേശക സമിതിയുടെ പ്രവർത്തനഫലമായി സ്വരൂപിക്കുന്ന ഫണ്ടിൽ 25% ത്തിൽ കുറയാത്ത സംഖ്യ ക്ഷേത്ര സംബന്ധമായ അറ്റകുറ്റ നിർമ്മാണ പ്രവർത്തനങ്ങൾക്ക് വേണ്ടി മാറ്റിവെക്കേണ്ടതും, അങ്ങിനെയുള്ള ഫണ്ട് ഉപയോഗിച്ച് നടത്തുന്ന നിർമ്മാണ പ്രവർത്തനങ്ങളിൽ ക്ഷേത്രത്തിലെ ശ്രീലകം, തിടപ്പിള്ളി, വലിയമ്പലം എന്നിവയുടെ അറ്റകുറ്റ പണികൾക്ക് മുൻഗണന നൽകേണ്ടതാണ്. ക്ഷേത്ര ഉപദേശക സമിതികൾ ദേവസ്വം ബോർഡിന്റെ നിർദ്ദേശങ്ങൾക്ക് വിധേയമായി മാത്രം പ്രവർത്തിക്കുവാൻ നിയോഗിക്കപ്പെട്ട സമിതികൾ ആയിരിക്കും. പ്രവർത്തനങ്ങളിൽ പാകപ്പിഴകൾ ഉള്ളതായി ശ്രദ്ധയിൽപ്പെടുന്ന സമയം നിയമവിധേയമായ ഏതു ഇടപെടലുകൾക്കും ബോർഡിന് അധികാരം ഉണ്ടായിരിക്കും. അത് അന്തിമമായിരിക്കുകയും ചെയ്യും. ആയത് നിയമവിധേയമായ മാർഗ്ഗത്തിൽ ചോദ്യം ചെയ്യാനോ പരാതിപ്പെടാനോ തർക്കമുള്ളവർക്ക് അവകാശമുള്ളതാണ്. ക്ഷേത്രോപദേശക സമിതികൾ പിരിക്കുന്ന പണത്തിൽ നിന്നും വ്യാവഹാരം തുടങ്ങിയ ആവശ്യങ്ങൾക്ക് പണം ചിലവഴിക്കാൻ പാടില്ലാത്തതും അത്തരം സാഹചര്യങ്ങൾ അവിചാരിതമായി ഉണ്ടാവുകയാണെങ്കിൽ ദേവസ്വം ബോർഡിന്റെ മുൻകൂട്ടിയുള്ള അനുമതി വാങ്ങേണ്ടതുമാണ് സമിതി വിവരാവകാശ നിയമനത്തിന്റെ പരിധിയിൽപ്പെടുന്നതും ചോദ്യങ്ങൾക്കുള്ള മറുപടി നിയമപ്രകാരം കൃത്യമായി നൽകേണ്ടതുമാണ്.

കൊച്ചിൻ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ക്ഷേത്രങ്ങളിൽ ക്ഷേത്ര ഉപദേശക സമിതികൾ അനിവാര്യമല്ലാത്ത സാഹചര്യത്തിലും, പ്രത്യേക കാരണങ്ങളാലും ക്ഷേത്ര ഉപദേശക സമിതി വേണ്ടെന്നു വെക്കുന്നതിനോ പ്രത്യേക സന്ദർഭങ്ങളിൽ മാത്രം

സമിതികൾ രൂപീകരിക്കുന്നതിനോ ദേവസ്വം ബോർഡിന് പൂർണ്ണ അധികാരം ഉണ്ടായിരിക്കുന്നതാണ്. അതു പോലെതന്നെ ഭക്തജനങ്ങൾക്കിടയിലെ അഭിപ്രായ വ്യത്യാസങ്ങൾ മൂലം ഏതെങ്കിലും ക്ഷേത്രങ്ങളിൽ സമിതിയുടെ പ്രവർത്തനം സുഗമമായിക്കൊണ്ടുപോകുവാൻ സാധിക്കാത്ത സാഹചര്യം ഉണ്ടാകുന്നതായാൽ സമിതിയുടെ പ്രവർത്തനം മരവിപ്പിക്കുന്നതിനോ സമിതിയെ പിരിച്ചുവിട്ട് തൽക്കാലം ഉപദേശക സമിതി ഇല്ലാതെ ഭരണം നടത്തുന്നതിനോ കൊച്ചിൻ ദേവസ്വം ബോർഡിന് പൂർണ്ണ അധികാരമുണ്ടായിരിക്കും.

ദേവസ്വം ബോർഡിന്റെ ഭരണത്തിലുള്ള ഏതെങ്കിലും ക്ഷേത്രത്തിന്റെ ചരിത്രപരമായ പ്രാധാന്യവും സർവോന്മുഖമായ വളർച്ചയും കണക്കിലെടുത്ത് ക്ഷേത്ര പുരോഗതിക്കു വേണ്ടി സർവാത്മനം പ്രവർത്തിച്ചു കൊണ്ടിരിക്കുന്നതും ഈ കാര്യത്തിൽ ദേവസ്വം ബോർഡിനു ബോധ്യം വന്നിട്ടുള്ളതുമായ സംഘടനകളെ ക്ഷേത്രതാല്പര്യം കണക്കിലെടുത്തും, അവരുടെ പ്രവൃത്തി പരിചയം, അർപ്പണ മനോഭാവം ഇവ പരിഗണിച്ചും പ്രസ്തുത സംഘടനകളെ തക്കതായ കാരണങ്ങൾ രേഖപ്പെടുത്തി ക്ഷേത്ര ഉപദേശക സമിതിയുടെ പദവി നൽകി അംഗീകരിക്കുവാൻ ദേവസ്വം ബോർഡിന് പരിപൂർണ അധികാരം ഉണ്ടായിരിക്കും. പ്രസ്തുത ക്ഷേത്രങ്ങളെ ക്ഷേത്ര ഉപദേശക രൂപീകരണം സംബന്ധിച്ച ചട്ടങ്ങളിൽ നിന്ന് ഒഴിവാക്കുവാനും ദേവസ്വം ബോർഡിന് അധികാരമുണ്ടായിരിക്കുന്നതാണ്. പ്രസ്തുത സമിതിയുടെ പ്രവർത്തനങ്ങൾ ഈ ബൈലോ പ്രകാരമുള്ള ചട്ടങ്ങൾക്ക് അനുസൃത മായിരിക്കേണ്ടതാണ്. മുൻ പറയുന്ന ബൈലോ പ്രകാരമുള്ള ഏതു ചട്ടങ്ങളും ഈ സമിതിയുടെ കാര്യത്തിലും നടപ്പിൽ വരുത്തുന്നതിന് ദേവസ്വം ബോർഡിന് അധികാരമുണ്ടായിരിക്കുന്നതാണ്.

ഈ നിയമാവലിയിൽ കാലാകാലങ്ങളിൽ ആവശ്യമായി വരുന്ന ഭേദഗതികൾ വരുത്തുവാൻ കൊച്ചിൻ ദേവസ്വം ബോർഡിന് അധികാരമുണ്ടായിരിക്കുന്നതാണ്.

| Sd/- | Sd/- | Sd/- |
|---|---|---|
| President | Member | Member |

(True Copy)

Sd/-
Secretary
Cochin Devaswom Board

എച്ച്. ആർ. എച്ച്. 5/8246/06.

ഹിന്ദുമതധർമ്മസ്ഥാപന (ഭരണ) വകുപ്പ്
കമ്മീഷണറുടെ ഓഫീസ്, കോഴിക്കോട്
തീയതി: 15/06/2007

## വകുപ്പിന്റെ അധികാരപരിധിയിലുള്ള ക്ഷേത്രങ്ങളിലെ കമ്മറ്റികളുടെ പ്രവർത്തനം — സംബന്ധിച്ച്

## സർക്കുലർ

വിഷയം:— ഹിന്ദുമതധർമ്മസ്ഥാപന (ഭരണ) വകുപ്പ് — വകുപ്പിന്റെ അധികാരപരിധിയിലുള്ള ക്ഷേത്രങ്ങളിലെ കമ്മറ്റികളുടെ പ്രവർത്തനം — സംബന്ധിച്ച്.

സൂചന : 1. ബഹു. കേരള ഹൈക്കോടതിയുടെ ഡി. ബി./4/94-ാം നമ്പർ കേസിലെ 28/06/95-ന്റെ വിധി.

2. സർക്കാർ കത്ത് നമ്പർ 1043/ദേവ.1/07/ആർ.ഡി. തീയതി 12/02/2007.

......

ഹിന്ദുമതധർമ്മസ്ഥാപന (ഭരണ) വകുപ്പിന്റെ അധികാരപരിധിയിൽ ഉൾപ്പെടുന്ന ക്ഷേത്രങ്ങളിൽ ഉത്സവാഘോഷങ്ങൾ, ജീർണ്ണോദ്ധാരണ പ്രവർത്തനങ്ങൾ എന്നിവ നടത്തുന്നതിനായി സ്ഥിരമായും, താൽക്കാലികമായും ഭക്തജനങ്ങൾ ഉൾപ്പെടുന്ന കമ്മറ്റികൾ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നുണ്ട്. ക്ഷേത്രത്തിന്റെ ദൈനംദിന കാര്യങ്ങളും നവീകരണപ്രവർത്തനങ്ങളും ചിട്ടയോടെ നടത്തുന്നതിനാണ് ക്ഷേത്രപരിസരങ്ങളിലുള്ള ഭക്തജനങ്ങൾ ചേർന്ന് കമ്മറ്റികൾ രൂപീകരിക്കുന്നതെങ്കിലും ക്ഷേത്രങ്ങളിൽ പ്രവർത്തിച്ചുവരുന്ന ഇത്തരം കമ്മറ്റികളുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച് അടുത്ത കാലത്തായി ധാരാളം പരാതികൾ ക്ഷേത്രവിശ്വാസികളിൽ നിന്നുതന്നെ ഉയർന്നുവന്നു കൊണ്ടിരിക്കുന്നു. പല ക്ഷേത്രങ്ങളിലും രണ്ടും മൂന്നും കമ്മറ്റികൾ പലപേരുകളിലായി പ്രവർത്തിച്ചുവരുന്നതായും, ഇത്തരം കമ്മറ്റികൾ ക്ഷേത്രാവശ്യങ്ങൾക്കായി ഭക്തജനങ്ങളിൽനിന്നും സംഭാവന പിരിക്കുന്നതിന്റെ വരവ് ചെലവ് കണക്കുകൾ ദേവസ്വം ഭരണാധികാരിയെ അറിയിക്കുകയോ ഏൽപ്പിക്കുകയോ ചെയ്യുന്നില്ലെന്നും, മിക്ക ക്ഷേത്രങ്ങളിലും സൊസൈറ്റീസ് ആക്റ്റുപ്രകാരം രജിസ്റ്റർ ചെയ്ത കമ്മറ്റികളാണ് പ്രവർത്തിച്ചുവരുന്നതെന്നും ഇത്തരം കമ്മറ്റികൾ വകുപ്പിന്റെ അംഗീകാരം വാങ്ങാതെയാണ് പ്രവർത്തിച്ചുവരുന്നതെന്നും, പല ക്ഷേത്രങ്ങളിലും പല പേരുകളിലായി രൂപീകരിക്കപ്പെടുന്ന കമ്മറ്റികൾ തമ്മിലുള്ള തർക്കങ്ങൾ ക്ഷേത്രഭരണത്തെ ബാധിക്കുന്നതായും, പ്രത്യേക ആഘോഷങ്ങൾക്കോ, നിർമ്മാണപ്രവർത്തനങ്ങൾക്കോ രൂപീകരിക്കപ്പെടുന്ന

കമ്മറ്റികൾ പ്രസ്തുത ആവശ്യം കഴിഞ്ഞ് പിരിച്ചുവിടാതിരിക്കുന്നതായും, ക്ഷേത്രകമ്മറ്റികളുടെ പ്രവർത്തനങ്ങളിൽ ഗുരുതരമായ സാമ്പത്തിക ക്രമക്കേടുകളും അഴിമതിയും, ഉള്ളതായും നിരന്തരം പരാതികൾ ഉന്നയിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. വകുപ്പ് ഉദ്യോഗസ്ഥരുടെ അന്വേഷണങ്ങളിൽ ഗുരുതരമായ അപാകതകൾ ഉള്ളതായി ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ദേവസ്വങ്ങളിൽ നിയമാനുസൃതം നിയമിക്കപ്പെട്ട ട്രസ്റ്റി ബോർഡിന്റെ സമ്മതമില്ലാതെ ക്ഷേത്രകാര്യങ്ങളിൽ ഇടപെട്ട് പ്രവർത്തിക്കുന്ന പാരലൽ സംഘടനകളുടെ പ്രവർത്തനം നിരുത്സാഹപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ കൈക്കൊള്ളുന്നതിന് നടപടികൾ സ്വീകരിക്കുന്നതിന് സർക്കാർ നിർദ്ദേശിക്കുകയും ചെയ്തിരിക്കുന്നു. ബഹു: കേരള ഹൈക്കോടതിയുടെ ഡി.ബി.4/94-ാ ം നമ്പർ കേസിലെ 28/06/95-ലെ വിധിയുടെ വെളിച്ചത്തിലും, സർക്കാർ കത്ത് നമ്പർ. 1043/ദേവ.1/07 ആർ. ഡി. തീയതി 12/02/2007 പ്രകാരമുള്ള നിർദ്ദേശത്തിന്റെയും അടിസ്ഥാനത്തിൽ ഹിന്ദുമതധർമ്മ സ്ഥാപന (ഭ) വകുപ്പിന്റെ അധികാരപരിധിയിൽ ഉൾപ്പെടുന്ന ക്ഷേത്രങ്ങളിൽ വകുപ്പിന്റെയും, നിയമാനുസൃതം നിയമിക്കപ്പെട്ട ട്രസ്റ്റി ബോർഡിന്റെയും അനുമതിയില്ലാതെ കമ്മറ്റികൾ പ്രവർത്തിക്കുന്നത് നിയന്ത്രിക്കുന്നതിന്, താഴെ ചേർത്തപ്രകാരം പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിന്, ഓരോ ക്ഷേത്രഭരണാധികാരിയും ശ്രദ്ധ ചെലുത്തേണ്ടതാണെന്ന് അറിയിക്കുന്നു.

1) ക്ഷേത്രങ്ങളിൽ ഉത്സവാഘോഷങ്ങൾ, നവീകരണ പ്രവർത്തനങ്ങൾ എന്നിവ നല്ലരീതിയിൽ നടത്തുന്നതിനായി ആവശ്യമെങ്കിൽ ഭക്തജനങ്ങളെ, ഉൾപ്പെടുത്തിക്കൊണ്ട് കമ്മറ്റി രൂപീകരിക്കാവുന്നതാണ്. ഇങ്ങനെ രൂപീകരിക്കുന്ന കമ്മറ്റികൾ ക്ഷേത്രത്തിൽ യാതൊരു കാരണവശാലും സ്ഥിരമായി പ്രവർത്തിക്കാൻ പാടുള്ളതല്ല. ഒരു വർഷത്തേക്കോ അല്ലെങ്കിൽ ഉദ്ദേശ്യലക്ഷ്യങ്ങൾ പൂർത്തീകരിച്ചതിനുശേഷമോ അല്ലെങ്കിൽ കമ്മറ്റിയുടെ പ്രവർത്തനം അവസാനിപ്പിക്കുന്നതിന് വകുപ്പ് കമ്മീഷണർ ഉത്തരവ് പുറപ്പെടുവിക്കുകയോ ചെയ്യുന്നതുവരെ ഇതിൽ ഏതാണ് ആദ്യം വരിക, അത് കഴിഞ്ഞാൽ കമ്മറ്റി പിരിച്ചുവിടേണ്ടതാണ്.
2) ക്ഷേത്രഭരണാധികാരിയുടെ അനുമതിയോടെ മാത്രമെ ക്ഷേത്രങ്ങളിൽ കമ്മറ്റി രൂപീകരിക്കാൻ പാടുള്ളൂ.
3) കമ്മറ്റി രൂപീകരിക്കുന്നതിനു മുൻപായി വകുപ്പിന്റെ അനുമതി വാങ്ങേണ്ടതാണ്.
4) വകുപ്പിൽനിന്നും നൽകുന്ന നിബന്ധനകൾക്കനുസരിച്ചു മാത്രമെ കമ്മറ്റികൾ പ്രവർത്തിക്കാൻ പാടുള്ളൂ.
5) കമ്മറ്റിയുടെ അംഗീകാരത്തിനായി സമർപ്പിക്കുന്ന അപേക്ഷ ക്ഷേത്രഭരണാധികാരി മുഖേന സമർപ്പിക്കേണ്ടതാണ്. അപേക്ഷയിൽ കമ്മറ്റി രൂപീകരിക്കുന്നതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ, അംഗങ്ങളുടെ പേരുവിവരങ്ങൾ, എക്സിക്യൂട്ടീവ് കമ്മറ്റി അംഗങ്ങൾ, പ്രസിഡണ്ട്, സെക്രട്ടറി, ട്രഷറർ എന്നിവ വ്യക്തമായി പ്രതിപാദിക്കേണ്ടതാണ്.
6) രൂപീകരിക്കപ്പെടുന്ന കമ്മറ്റിയുടെ ട്രഷറർ ക്ഷേത്രഭരണാധികാരി ആയിരിക്കേണ്ടതാണ്.
7) കമ്മറ്റിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ പൂർത്തീകരിക്കുകയോ അല്ലെങ്കിൽ കമ്മറ്റിയുടെ പ്രവർത്തനം അവസാനിപ്പിക്കുന്നതിന് കമ്മീഷണർ ഉത്തരവ് പുറപ്പെടുവിക്കുകയോ ചെയ്യുമ്പോൾ കമ്മറ്റി പിരിച്ചുവിട്ട് വരവ് ചെലവ് കണക്കുകൾ, ബാങ്ക് പാസ്സ്ബുക്ക്, കമ്മറ്റിയുടെ കൈവശമുള്ള സംഖ്യ എന്നിവ ക്ഷേത്രഭരണാധികാരിയെ ഏല്പിക്കേണ്ടതാണ്.
8) ദേവസ്വം ഇഷ്യൂ ചെയ്യുന്ന രശീതികൾ ഉപയോഗിച്ചു മാത്രമെ കമ്മറ്റികൾ പൊതുജനങ്ങളിൽനിന്നും സംഭാവന സ്വീകരിക്കാൻ പാടുള്ളൂ. രശീതികളുടെ സ്റ്റോക്ക് രജിസ്റ്റർ ദേവസ്വത്തിൽ സൂക്ഷിച്ചിരിക്കേണ്ടതാണ്.
9) ക്ഷേത്രങ്ങളിൽ കമ്മറ്റികൾ സ്വന്തമായി ഭണ്ഡാരം വെച്ച് പൊതുജനങ്ങളിൽനിന്നും പിരിവ് നടത്താൻ പാടുള്ളതല്ല.
10) ദേവസ്വം അക്കൗണ്ടിൽ കാണിക്കാത്ത യാതൊരു പിരിവുകളും ദേവസ്വത്തിനുവേണ്ടി കമ്മറ്റികൾ നടത്താൻ പാടുള്ളതല്ല.
11) കമ്മറ്റിയുടെ കണക്കുകൾ ലോക്കൽ ഫണ്ട് ഓഡിറ്റ് നടത്തേണ്ടതാണ്.

(ഒപ്പ്)

കമ്മീഷണർ